**CPA COLLEGE OF GLOBAL STUDIES PUTHANATHANI**

**CALICUT UNIVERSITY FOUR – YEAR UNDERGRADUATE PROGRAMME (CUFYUGP)**

**GENERAL FOUNDATION COURSES OFFERED BY DEPARTMENT OF MALAYALAM**

**AEC 4 – FOR BA**

# COMMUNICATIVE MALAYALAM AND CREATIVE WRITING

# വിനിമയ മലയാളവും സർഗാത്മക രചനയും

**(MAL2FA104(1)**

**SEMESTER 2**

തയ്യാറാക്കിയത് : സുഭാഷ് കുമാർ, മലയാളവിഭാഗം

## സിലബസ്

വിദ്യാർത്ഥികളുടെ സാഹിത്യ ആസ്വാദനശേഷി വർദ്ധിപ്പിക്കുക എന്നതായിരുന്നു ആദ്യ സെമസ്റ്ററിൽ ലക്ഷ്യമാക്കിയത്. അതിന്റെ തുടർച്ചയായി അപഗ്രഥനം, വിമർശനം, വിവർത്തനം, രചന എന്നീ ഭാഷാശേഷികൾ ആർജിക്കാനും സാഹിത്യമേഖലയുമായി ബന്ധപ്പെട്ട വിവിധ സന്ദർഭങ്ങളിൽ പ്രയോഗിക്കാനും സാധിക്കുന്ന രീതിയിലാണ് ഇവ തയ്യാറാക്കിയിട്ടുള്ളത്.

**മൊഡ്യൂൾ ഒന്ന് - അപഗ്രഥനം**

അപഗ്രഥന വായന -സാമാന്യ പരിചയം

പൊതു ഉപന്യാസങ്ങൾ, സാഹിത്യലേഖനങ്ങൾ, സാംസ്കാരിക നിരൂപണം, എന്നിവയുടെ ഉള്ളടക്കം, സമീപനം, ആഖ്യാന സവിശേഷതകൾ തുടങ്ങിയവയെ പറ്റിയുള്ള സാമാന്യ ധാരണ.

1 അടുക്കളയിൽ തിളച്ചുവേവുന്നത് എസ്. ശാരദക്കുട്ടി

2 ആധുനികകേരളം ആരുടെ ഭാവനയാണ്?-പ്രദീപൻ പാമ്പിരികുന്ന്

പൊതു ഉപന്യാസം രചനാ പരിശീലനം ഭാഷയെ എഴുത്തിൽ പ്രയോഗിക്കുന്നു. പ്രസക്തമായ വിഷയങ്ങളിൽ ഉപന്യാസം രചിക്കുന്നു

**മൊഡ്യൂൾ രണ്ട് - വിമർശനം**

**സാഹിത്യ വിമർശനം മലയാള വിമർശനത്തിന്റെ സാമാന്യ ചരിത്രം.**

കഥാവിമർശനം, കവിത വിമർശനം, സാമാന്യ പരിചയം.

വിമർശകർ കൃതികൾ സാമാന്യ പരിചയം (കേസരി ബാലകൃഷ്ണപിള്ള, എം പി പോൾ, മുണ്ടശ്ശേരി, കുട്ടികൃഷ്ണമാര്, സുകുമാർ അഴീക്കോട്, എം ലീലാവതി, എം എൻ വിജയൻ, കെ പി അപ്പൻ, വി രാജകൃഷ്ണൻ)

- വിശദപഠനം

- (നിരൂപണത്തിന്റെ മാതൃകകൾ എന്ന നിലയിലാണ് പാഠഭാഗങ്ങൾ പരിഗണിക്കേണ്ടത്)

1. ആശാന്റെ സീത-ജോസഫ് മുണ്ടശ്ശേരി
2. പ്രണയത്തിന്റെ അധരസിന്ദൂരം കൊണ്ടെഴുതിയ കഥ- കെ.പി. അപ്പൻ
3. ഇവനെക്കൂടി - ഒരു പഠനം-- എം. ലീലാവതി

**മൊഡ്യൂൾ 3 - വിവർത്തനം**

- വിവർത്തനം, പുനരാഖ്യാനം, പുനസ്സൃഷ്ടി സാമാന്യധാരണ
- വിവർത്തന തത്ത്വങ്ങളുടെ പരിചയം
- ഭാഷാന്തര വിവർത്തനം -അന്തർ ഭാഷാ വിവർത്തനം - ചിഹ്നാന്തര വിവർത്തനം- അനുകല്പനം
- സാഹിതിയും സാഹിത്യപരമായ വിവർത്തനങ്ങൾ, വാണിജ്യ സാമ്പത്തിക ശാസ്ത്ര വിഷയങ്ങളിൽ ഉള്ള കൃതികളുടെ വിവർത്തനം.

**ഇംഗ്ലീഷിലുള്ള സ്രോതരചനയും മലയാള പരിഭാഷയും താരതമ്യം.**

1. Walk Alone, Walk Alone'-Dominique Lapierre and Larry Collins

ഏകാന്തപഥികൻ ടി.കെ.ജി. നായർ, എം.എസ്. ചന്ദ്രശേഖരവാരിയർ

2 Totto – Chan-Tetsudo Kuroyanagi

അൻവർ അലി

**മൊഡ്യൂൾ 4 - സംഗ്രഹ രചന**

- സംഗ്രഹ രചന സാമാന്യ ധാരണ.
- സംഗ്രഹ രചന പരിശീലനം

**കഥയുടെ വിമർശനാത്മക രചന പരിശീലനം**

1. ഒരിടത്ത്- സക്കറിയ.

**കവിതാ വിമർശന രചന പരിശീലനം**

1. തേൾക്കുടം- കുരീപ്പുഴ ശ്രീകുമാർ

കഥയുടെയും കവിതയുടെയും വിമർശന പാഠം വിദ്യാർഥികൾ ചർച്ചകളിലൂടെ എഴുതുക.

- **വിവർത്തന പരിശീലനം**

ദഗ്രേറ്റ്ഡിറ്റക്ടർ എന്ന സിനിമയുടെ അവസാന ഭാഗത്ത് ചാർലി ചാപ്ലിൻ അവതരിപ്പിക്കുന്ന കഥാപാത്രത്തിന്റെ പ്രസംഗം. ഈ ചലച്ചിത്ര ഭാഗത്തിന്റെ മലയാളം സബ്ടൈറ്റിൽ ഉള്ള പാഠം വിദ്യാർഥികൾ ചർച്ചകളിലൂടെ തയ്യാറാക്കണം.

- ക്രിയേറ്റീവ് റൈറ്റിംഗ്, കണ്ടന്റ് റൈറ്റിംഗ്, എന്നിവയെ കുറിച്ച് സാമാന്യധാരണ. രചന പരിശീലനം.

**മൊഡ്യൂൾ ഒന്ന് – അപഗ്രഥനാത്മകവായന**

ഒരു പാഠത്തെ ചിട്ടയായി സമീപിച്ച് ആഴത്തിൽ മനസ്സിലാക്കാൻ ശ്രമിക്കുന്നതാണ് അപഗ്രഥനാത്മകവായന. വായിച്ചാസ്വദിക്കുക എന്നതല്ല ഇവിടുത്തെ ലക്ഷ്യം. പാഠത്തിന്റെ ഉള്ളടക്കം, ഘടന, വാദഗതികളിൽ വായനക്കാരൻ/വായനക്കാരി വിമർശനാത്മകമായി ഇടപെടുന്നു എന്നതാണ് അപഗ്രഥനാത്മകവായന.

## അടുക്കളയിൽ തിളച്ച് വേവുന്നത്- എസ്. ശാരദക്കുട്ടി

- നിരൂപക, സ്ത്രീപക്ഷസംവാദക, സാംസ്കാരിക വിമർശക എന്നീ നിലകളിൽ പ്രശസ്തയാണ് എസ്. ശാരദക്കുട്ടി

- . സ്ത്രീപക്ഷത്തൂന്നി സാമൂഹിക സാംസ്കാരികസന്ദർഭങ്ങളെ നോക്കിക്കാണുകയും അപഗ്രഥിക്കുകയും വിമർശിക്കുകയും ചെയ്യുന്നു

- . മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്ന് 'കവിതയിലെ ബുദ്ധദർശനം' എന്ന വിഷയത്തിൽ പിഎച്ച്ഡി നേടി

- . പെണ്ണു കൊത്തിയ വാക്കുകൾ', 'പ്രണയത്തടവുകാരൻ', 'പെൺവിനിമയങ്ങൾ', 'ഞാൻ നിങ്ങൾക്കെതിരെ ആകാശത്തെയും ഭൂമിയെയും സാക്ഷ്യം വയ്ക്കുന്നു', 'വിചാരം വിമർശം വിശ്വാസം', 'ഇവിടെ ഞാൻ എന്നെക്കാണുന്നു' തുടങ്ങിയവ പ്രധാന കൃതികൾ.

- . ആണധികാര സങ്കൽപ്പങ്ങൾ കൊണ്ട് നിർമ്മിക്കപ്പെട്ട ഇടമാണ് വീട്.
- . പുരുഷന്മാർ നിത്യവൃത്തിക്കുള്ള പണം സമ്പാദിച്ചു കൊണ്ടുവരികയും സ്ത്രീകൾ ഭക്ഷണം പാചകം ചെയ്യുകയും അനുബന്ധ വീട്ടുജോലികളും ചെയ്ത് പുലർന്നുപോരുന്ന ഇടമായി ഇക്കാലം വരെയും വീടു നിൽക്കുന്നു

- . അടുക്കള എന്നത് വീടിനകത്തെ സ്ത്രീകളുടെ ഇടമായി ചിത്രീകരിക്കപ്പെട്ടു. പാചകം സ്ത്രീകളുടെ മാത്രം കർത്തവ്യമായി

- . പുതിയ കാലത്തിനും ഈ പ്രശ്നത്തെ മറികടക്കാനായിട്ടില്ല. വിദ്യാസമ്പനകളായും സമ്പാദ്യശീലകളായും സ്ത്രീകൾ മാറിയിട്ടും അടുക്കള ഇന്നും സ്ത്രീകൾക്കുള്ള ഇടമാണെന്ന കാഴ്ചപ്പാടിന് ഉറപ്പിച്ചു നിർത്തുന്നുണ്ട്.
- . ഈയൊരു സാമൂഹിക പ്രശ്നത്തെ വിമർശനാത്മകമായി അവതരിപ്പിക്കുകയാണ് ഈ പാഠത്തിലൂടെ ചെയ്യുന്നത്

- . അടുക്കള സ്ത്രീകളെ സംബന്ധിച്ച് ഒരു പരീക്ഷണശാലയാണ്. ട്രപ്പീസുകളിക്കാരൻ്റെ മെയ്‌വഴക്കത്തോടെയും യന്ത്രസമാനമായും ഈ പരീക്ഷണങ്ങൾ തുടരുന്നു.
- . കൂലി ഇല്ലാത്ത മണിക്കൂറുകൾ നീളുന്ന പണികളാണ് അടുക്കളയിൽ അരങ്ങേറുന്നത്
- . എന്നിട്ടും ഒരു തൊഴിലിടമായി അടുക്കളയെ അംഗീകരിക്കാൻ സമൂഹത്തിന് കഴിഞ്ഞിട്ടില്ല
- . നമ്മുടെ നവോത്ഥാനശ്രമങ്ങളും സാമൂഹിക പരിഷ്കാരങ്ങളും എത്തി നോക്കാത്ത ഇടമാണ് ഇന്നും അടുക്കള
- . കൂട്ടുകുടുംബം പോയി അണുകുടുംബം വന്നെങ്കിലും ആഗോളവൽക്കരണം സംഭവിച്ചെങ്കിലും ആർക്കിടെക്ചർ മാറിയെങ്കിലും ഇവയെല്ലാം അടുക്കളയുടെ വലിപ്പത്തെയും അതിനകത്തെ സൗകര്യങ്ങളെയും മാറ്റിയെങ്കിലും ഉള്ളിലെ പ്രവർത്തികളെ മാറ്റിയില്ല. സ്ത്രീകൾ തന്നെയാണ് ഇപ്പോഴും അവിടെ പണിയെടുക്കുന്നത്.
- . എല്ലാവർക്കും ഉള്ള ഇടമാണ് അടുക്കള. ഒരു പൊതു ഇടം. പക്ഷേ എല്ലാ ജനാധിപത്യ മര്യാദകളും ലംഘിക്കപ്പെടുന്ന ഇടമായി അടുക്കള പ്രവർത്തിക്കുന്നു. അവകാശങ്ങൾ പാലിക്കപ്പെടുന്നില്ല.
- . സ്ത്രീയെ സംബന്ധിച്ച് വീട് മുഴുവൻ അടുക്കളയാണ്. ഓരോ മൂലയും അനേകം പണികളുമായി സ്ത്രീകളെ കാത്തു നിൽക്കുന്നു
- . അനിഷ്ടത്തോടെ ഈ ജോലികൾ ചെയ്യാൻ സ്ത്രീകൾ നിർബന്ധിതരായിരിക്കുന്നു
- . ആനന്ദദായകമായ ജോലികൾ ചെയ്യുന്ന ഒരു ശരീരവും ആവർത്തന വിരസതയുള്ള ജോലികൾ ചെയ്യാനായി രണ്ടാംശരീരവും സ്ത്രീകൾക്ക് വേണം. എങ്കിലേ അവർ അതിജീവിക്കുകയുള്ളൂ എന്ന് ശാരദക്കുട്ടി നിരീക്ഷികുന്നു
- . പുരുഷൻ ഇപ്പോഴും കേമത്തമായി പറയുന്നത് ' ഞാൻ അടുക്കളയിൽ സഹായിക്കാറുണ്ട്' എന്നാണ്. അപ്പോഴും അടുക്കളയിലെ പണി പുരുഷൻ്റെ കൂടിയാണെന്ന ചിന്തയിലേക്ക് അവർ എത്തുന്നില്ല.

- . അടുക്കളയിലെ രുചി ഭേദങ്ങൾ ചരിത്രബദ്ധമാണ് . സമൂഹത്തിന് വരുന്ന മാറ്റങ്ങൾ രുചികളെയും സ്വാധീനിക്കുന്നു.
- . രുചികളിൽ ജാതി ഉണ്ടായിരുന്നു. ഈ ജാതിയുമായി ബന്ധപ്പെടുത്തിയാണ് കേരളത്തിലെ നവോത്ഥാന ശ്രമങ്ങൾ ഭക്ഷണത്തെ മനസ്സിലാക്കിയത്. ഭക്ഷണങ്ങളിൽ ഇപ്പോഴും ജാതിയുണ്ട്. പന്തിഭോജനം എന്ന കഥ ഈ പ്രശ്നമാണ് ഉന്നയിക്കുന്നത്. കേമപ്പെട്ട സദ്യ ബ്രാഹ്മണൻ്റേതാകുന്നു എന്നതിൽ ജാതിയാണ് പ്രവർത്തിക്കുന്നത്.

- . മാംസാഹാര ഭോജനമാണ് കീഴൊതുക്കപ്പെട്ട ജനതയുടെ കീഴാളതയ്ക്ക് കാരണമെന്നു ചിന്തിച്ചാണ് ശ്രീനാരായണഗുരു അവരെ സദ്യയിലേക്ക് നയിച്ചത്.

- . അടുക്കളയിൽ തിളച്ചു മറിയുന്ന സ്ത്രീ ജീവിതങ്ങളെ പറ്റി കാല്പനികമായ ഒട്ടേറെ കഥകളും കവിതകളും ഉണ്ടായിട്ടുണ്ട്.
- . അമ്മയുടെ രുചി എന്നത് ഫ്യൂഡൽ ഗൃഹാതുരത്വമാണ്. ഒരർത്ഥത്തിൽ പുരുഷാധിപത്യ കാഴ്ചപ്പാടാണ്.

- . പാചകം ചെയ്യുന്ന പുരുഷൻ അഭിനന്ദിക്കപ്പെടുന്നു. ഈ അഭിനന്ദനങ്ങൾ ഏറ്റുവാങ്ങാൻ കാലങ്ങളായി ജോലി ചെയ്യുന്ന സ്ത്രീകൾക്ക് ലഭിക്കുന്നില്ല. കാരണം അടുക്കള സ്ത്രീകളുടെ മാത്രം തൊഴിലിടമാണ് ഇന്ന് കാഴ്ചപ്പാടിലാണ് നിൽക്കുന്നത്.

- . പണത്തിന്റെ വിനിയോഗങ്ങളിൽ സ്ത്രീകൾക്കും പങ്കാളിത്തം ഉണ്ടായത് കൂടിയാണ് അടുക്കള കുറച്ചെങ്കിലും പരിഷ്കരിക്കപ്പെടുന്നത്. അടുക്കളയിൽ യന്ത്രങ്ങൾ വരുന്നത് അങ്ങനെയാണ്.

- .എന്തൊക്കെ മാറ്റങ്ങൾ വന്നാലും കുലത്തൊഴിൽ മാറുന്നില്ല. സ്ത്രീകൾ മാത്രമാണ് വീണ്ടും ജോലി ചെയ്യുന്നത്.

- . സ്വയം ജോലി നേടിക്കൊണ്ടും സാമൂഹികമായ മാറ്റങ്ങളെ ഉൾക്കൊണ്ടു കൊണ്ടും സാങ്കേതികമായി മുന്നേറിക്കൊണ്ടും സ്ത്രീകൾ അടുക്കളയെ പുനർ നിർവചിക്കാൻ ശ്രമിക്കുന്നുണ്ട്.

- . പുതിയകാല സാമൂഹിക ബോധമുള്ള പുരുഷന്മാർ ഈ മാറ്റത്തെ ഉൾക്കൊള്ളുന്നുണ്ട്.

- . സ്ത്രീകൾക്ക് ആവശ്യം വീട്ടു ഉത്തരവാദിത്തങ്ങൾ ഒരുപോലെ നിർവഹിക്കുന്ന പുരുഷന്മാരെയാണ്.

- .ഈ പങ്കാളിത്തം ഇല്ലാത്ത വീടുകൾ എപ്പോൾ വേണമെങ്കിലും പൊട്ടിപ്പോകാം

- . അടുക്കളയിലെ പണ്ടുകാലത്തെ നഷ്ടപ്പെട്ടുപോയ നന്മകൾ സ്ത്രീകളെ സംബന്ധിച്ച് പുരുഷൻ നിർമ്മിച്ചു വെച്ച കെണികളാണ്. അമ്മമാരെ കുറിച്ചുള്ള ചിന്തകളും ആണുങ്ങളുടെ ഫ്യൂഡൽ ഗൃഹാതുരത്വമാണ്. അതുകൊണ്ടാണ് ഹോട്ടൽ ഭക്ഷണങ്ങൾ അവർ കൂടുതൽ എതിർക്കുന്നത്

- .മനുഷ്യാന്തസിനെ മാനിക്കുന്ന തുല്യപങ്കാളിത്തമുള്ള അടുക്കളകളാണ് നമുക്ക് വേണ്ടത്.

**ആധുനികകേരളം ആരുടെ ഭാവനയാണ് - പ്രദീപൻ പാമ്പിരിക്കുന്ന്**

- കേരളത്തിൻറെ ആധുനികീകരണത്തിന്റെ ചർച്ചകൾ പൊതുവേ ആരംഭിക്കാതെ ശ്രീനാരായണഗുരുവിൽ നിന്നാണ്

- വസ്തുനിഷ്ഠമായ അന്വേഷിക്കുമ്പോൾ ശ്രീനാരായ ഗുരു നമ്മുടെ നവോത്ഥാന ശ്രമങ്ങളുടെ തുടർച്ച മാത്രമാണെന്ന് തിരിച്ചറിയാനാകും

- പൊതുവേ നിശ്ചല സമൂഹമായി വിലയിരുത്തപ്പെട്ട adima- ദളിത്- ആദിവാസി വിഭാഗങ്ങളുടെ നവോത്ഥാനാശയങ്ങളിലേക്കുള്ള ചരിത്രപരമായ സംഭാവനകളെ വേണ്ട രീതിയിൽ വിലയിരുത്തിയിട്ടില്ല

- ഈ ശ്രമങ്ങളുടെ തുടർച്ചയാണ് നാരായണ ഗുരുവിൽ കാണുന്നതെന്ന് ഈ ലേഖനം സ്ഥാപിക്കുന്നു

- 1936 ലേ ക്ഷേത്രപ്രവേശന വിളംബരം അധസ്ഥിത ജനങ്ങൾക്ക് ക്ഷേത്രങ്ങളിലേക്കുള്ള പ്രവേശം സാധ്യമാക്കി എന്നാണ് ചരിത്രം പറയാറ്

- എന്നാൽ ഈ വിളംബരത്തിന് കാരണമായത് അധസ്ഥിത ജനങ്ങൾ തുടങ്ങിവച്ച സമരങ്ങളാണ്

- 1868 ൽ വഴിവക്കിൽ ക്ഷീണിച്ചിരുന്ന ഒരു പറയ സ്ത്രീക്ക് മേൽ ജാതിക്കാരിൽ ദുരനുഭവമുണ്ടാവുന്നു

- ആ സ്ത്രീയുടെ മകൻ അതിനെ എതിർക്കുന്നു

- ജാതി വ്യവസ്ഥയുടെ മൂല്യങ്ങൾ ലംഘിക്കപ്പെട്ടു എന്നും അയിത്തം പാലിച്ചില്ല എന്നുംപറഞ്ഞുകൊണ്ട് കേസ് കോടതിയിൽ എത്തുന്നു

- മിഷണറിമാരിൽ നിന്ന് വിദ്യാഭ്യാസം കിട്ടിയ വ്യക്തിയായതുകൊണ്ട്, വ്യക്തിയുടെ അവകാശങ്ങളെ കുറിച്ചും അഭിമാനത്തെക്കുറിച്ചും ബോധമുള്ളതുകൊണ്ട് കുറ്റം ആരോപിക്കപ്പെട്ട വ്യക്തിയെ ശിക്ഷിക്കാനാവില്ല എന്ന് കോടതി നിലപാടെടുക്കുന്നു

- ഗുരുവിൻറെ അരുവിപ്പുറം പ്രതിഷ്ഠയ്ക്ക് മുമ്പേ തന്നെ ആധുനിക വിദ്യാഭ്യാസം ലഭിച്ച അധസ്ഥിത വർഗ്ഗക്കാർ തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരായി തീരുന്നുണ്ട്

- ഈ ബോധ്യങ്ങളിലേക്ക് അവരെ നയിച്ചത് അക്കാലത്തെ മതപരിവർത്തനവും മിഷനറി വിദ്യാഭ്യാസവുമാണ്

- ചാതുർവർണ്യ വ്യവസ്ഥയ്ക്ക് പുറത്തു ജീവിക്കുന്നവരായിരുന്നു ദലിതർ . അതുകൊണ്ടുതന്നെ മതപരിവർത്തനം എന്ന വാക്ക് ശരിയല്ല എന്നും ക്രിസ്തുമതത്തിലേക്കുള്ള മാറ്റത്തെ മതപ്രവേശനം എന്നാണ് വിളിക്കേണ്ടത്.

- മറ്റു ജാതിക്കാർ ആധുനികീകരിക്കപ്പെടുന്നതിന്റെ മുമ്പ് തന്നെ ദളിതർ പുരോഗമന വൽക്കരിക്കപ്പെടുന്നുണ്ട്

- ഒരുമിച്ചിരിക്കാനും ഒരുമിച്ച് കൂടാനും ആധുനിക വിദ്യാഭ്യാസവും മതപരിവർത്തനവും ഇടയാക്കി

- വാസ്തവത്തിൽ മതപരിവർത്തനം ഒരു സാമൂഹ്യ പ്രവർത്തനമായിരുന്നു.

- ഇതിൻറെ തുടർച്ചയിലാണ് വസ്ത്ര സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ചാന്നാർ സമരം ചെയ്തത്.

- മതപരിഷ്കരണം എന്ന നവോത്ഥാനാശയം പോലും ഈ മതപരി വർത്താനന്തര ദലിത് വ്യവഹാരങ്ങളുടെ സൃഷ്ടിയാണ്. മതം ദൈവത്തി ലേക്കല്ല, ദൈവത്തിനു മുന്നിലുള്ള സാമൂഹ്യസമത്വത്തിലേക്കുള്ള വഴിയാ യാണ് ദലിതർ കണ്ടത്

- സാർവത്രികവിദ്യാഭ്യാസം എന്ന ആധുനിക സങ്കൽപ്പത്തിലേക്ക് കേരളീയസമൂഹത്തെ നയിച്ചതും ദലിത ജാതി - കിഴാള വ്യവഹാര ങ്ങളാണ്

- 1907 ൽ അയ്യങ്കാളി ദളിത് ജനതയുടെ വിദ്യാഭ്യാസത്തിനു വേണ്ടി സമരം ചെയ്യുന്നു.

- ദളിത് വിദ്യാർത്ഥികൾക്ക് വേണ്ടി തൊഴിൽ പണിമുടക്ക് അയ്യങ്കാളി പ്രഖ്യാപിക്കുന്നുണ്ട്.

- പൊതുനിരത്തിലൂടെയുള്ള സഞ്ചാരസ്വാതന്ത്ര്യത്തിനുവേണ്ടി വില്ലുവണ്ടി സമരം അയ്യങ്കാളി നടത്തുന്നു

- ഞായറാഴ്ച പ്രാർത്ഥനയ്ക്ക് വേണ്ടിയുള്ള സമയമാണെന്നും ജോലി ചെയ്യാൻ സാധിക്കില്ല എന്നും അവധി തരണമെന്നും ദളിത് സമൂഹം ആവശ്യപ്പെടുന്നു. ഇതൊരു തൊഴിലവകാശമാണ്. അധ്വാനിക്കുമ്പോൾ വിശ്രമം വേണമെന്ന അവകാശബോധമാണിത്

- അടിമകൾ എന്ന നിലയിൽനിന്നും തൊഴിലാളി എന്ന നിലയിലേക്കുള്ള മാറ്റം പുരോഗമനപരമാണ്

- ഇന്ത്യൻ ദലിത്-കീഴാളർ കൊളോണിയൽ ആധുനികതയോട് ഇടയാതിരുന്നതിനു കാരണം സ്വയം പരിണമിച്ച് ആധുനികതയിലേക്ക് സഞ്ചരിച്ചുകൊണ്ടിരുന്നവരായിരുന്നു അവർ എന്നതിനാലാണ്. ഇന്ത്യൻ അടിമത്തത്തേക്കാൾ ഉദാരമായിരുന്നു കൊളോണിയൽ ജീവിതം

- അടിമ ജനങ്ങളുടെ മനുഷ്യൻ എന്ന സ്വരൂപത്തിലേക്കുള്ള മാറ്റത്തെ സാധ്യമാക്കിയത് ദളിത് ജനങ്ങളാണ്

- അന്നത്തെ ജാതി വ്യവസ്ഥയിൽ മനുഷ്യരില്ലായിരുന്നു. ജാതികൾ ശരീരങ്ങളായിരുന്നു

- മനുഷ്യൻ എന്നത് ആധുനിക സ്വരൂപമാണ്.

- ആധുനികതയുടെ മറ്റൊരു അടിത്തറ മതേതരത്വമാണ്.
- ജീവിതംകൊണ്ട് മതേതരത്വം ആദ്യം അനുഭവിച്ചവർ ദളിതരാണ്. മതം മനുഷ്യരുണ്ടാക്കിയതാണെന്നും തരംപോലെ മാറാനാവുമെന്നും ഇവർ തെളിയിച്ചു.

- എല്ലാ ജാതിയിൽ നിന്നും മതപരിവർത്തനം നടത്തിയവരാണ് ദളിതർ

- ഒരുമിച്ചിരിക്കുകയും സഹവർത്തിത്വം പുലർത്തുകയും ചെയ്യുന്നവരായിരുന്നു ദളിതർ .

- ദളിത് നവോത്ഥാന നേതാക്കളുടെ വലിയൊരു പരമ്പര കേരളത്തിനുണ്ട്

- നാരായണഗുരുവും ചട്ടമ്പിസ്വാമികളും മുത്തു കുമാരൻ സുബ്ബരായൻ എന്ന അയ്യാവു സ്വാമികളുടെ ശിഷ്യത്വം സ്വീക രിച്ചിരുന്നു. അയ്യാവു സ്വാമികൾ അധഃസ്ഥിതജാതിയിൽപ്പെട്ട വ്യക്തിയും മഹാപണ്ഡിതനുമായിരുന്നു

- അവർണനായ വൈകുണ്ഠസ്വാമികളായി രുന്നു ഗുരുവിൻ്റെ മറ്റൊരു വഴികാട്ടി പുരുഷന്മാരോട് തലപ്പാവ് ധരി ക്കാനും സ്ത്രീകളോട് മേൽമുണ്ട് ധരിക്കാനും വൈകുണ്ഠസ്വാമി പ്രേരിപ്പിച്ചു.

- 1836-ൽ അദ്ദേഹം സമരസമാജം എന്ന സംഘടന സ്ഥാപിച്ചു. സമപന്തിഭോജനം സംഘടിപ്പിച്ചു. പൊതുകിണർ എന്ന ആശയം കൊണ്ടുവന്നു. വസ്ത്ര ത്തിനുമേലുള്ള അവകാശത്തിനുവേണ്ടി പ്രവർത്തിച്ചു

- ഈ തുടർച്ചയിലാണ് ശ്രീനാരായണഗുരു നിലനിൽക്കുന്നത്

- ഇങ്ങനെ ദളിത് ജാതികൾ രൂപപ്പെടുത്തിയെടുത്ത ആധുനിക ഭാവനയിലാണ് പിൽക്കാല കേരളം രൂപപ്പെടുന്നത്

**<u>മൊഡ്യൂൾ 2 – വിമർശനം</u>**

സാഹിത്യ കൃതികൾ വിലയിരുത്തി അതിലെ മൂല്യം, പ്രമേയം എന്നിവ കണ്ടെത്തുന്ന സാഹിത്യശാഖ. ഒരു സാഹിത്യ കൃതി വിശകലനം ചെയ്ത് അതിൻറെ സാഹിത്യവും ആന്തരികവുമായ പ്രത്യേകതകൾ വിലയിരുത്തി മൂല്യനിർണയനം ചെയ്യുന്ന ക്രിയാത്മകവും ഭൗതികവുമായ സർഗ്ഗ വ്യാപാരമാണ് സാഹിത്യ വിമർശനം.

- സർഗാത്മക രചനകൾ ആണ് മുഖ്യമായും ഇപ്രകാരം വിശകലനത്തിന് വിധേയമാവുന്നത്. സൃഷ്ടിയും വിമർശനവും സാഹിത്യത്തിലെ പരസ്പരബന്ധമുള്ള രണ്ടു ശാഖകളാണ്.

- ഒരു കൃതിയെ സർവത അഭിനന്ദിച്ചും അനുകൂലിച്ചും ചെയ്യുന്ന വിമർശനമാണ് മണ്ഡന വിമർശനം ഒരു കൃതിയെ അടിമുടി വിമർശിച്ച് ദോഷവശങ്ങൾ എടുത്തു കാട്ടുന്ന വിമർശനം ഖണ്ഡനവിമർശനം. പ്രാചീന ആലങ്കാരികന്മാരുടെ സിദ്ധാന്തങ്ങളെ പിൻപറ്റി നടത്തുന്ന വിമർശനം ക്ലാസിക് വിമർശനം. കഥാപാത്രങ്ങളുടെ മാനസിക വ്യക്തിത്വ സവിശേഷതകളും കലാകാരന്റെ മനോവൃത്തികളുടെ പ്രത്യേകതകളും കൃതിയുടെ സൗന്ദര്യാത്മകമായ ഭാവസാന്ദ്രതയും തെളിമയോടെ അനാവരണം ചെയ്യുന്ന വിമർശനത്തെ കാല്പനിക വിമർശനം എന്ന് വിളിക്കുന്നു. ഒരു കൃതി വിമർശകനിൽ ചെലുത്തിയ പ്രതികരണം അവലംബമാക്കി നിർവഹിക്കുന്ന വിമർശനമാണ് വൈയക്തിക വിമർശനം. ഒരു രചനയുടെ ഉള്ളടക്കം

മനുഷ്യരാശിക്ക് എപ്രകാരം ഗുണദോഷങ്ങൾ സമ്മാനിക്കുന്നുവെന്ന് മൂല്യ ബദ്ധതയോടെ പഠിക്കുന്ന വിമർശനമാണ് ധർമ്മാധിഷ്ഠിത നിരൂപണം. എഴുത്തുകാരന്റെ മാനസിക ചിത്തവൃത്തികളെ കലാസൃഷ്ടിയുമായി അന്വയിച്ചു വിലയിരുത്തുന്ന വിമർശന പദ്ധതിയാണ് മനോവിജ്ഞാനീയ വിമർശനം. സാഹിത്യത്തിൻറെ സാമൂഹിക ബന്ധത്തിന് പ്രാമുഖ്യം കൽപ്പിക്കുന്ന വിമർശന പദ്ധതിയാണ് സമൂഹ അധിഷ്ഠിത വിമർശനം. പ്രാക്തന സംസ്കാരത്തിന്റെ ചിഹ്നങ്ങളും അടയാളങ്ങളും കാവ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നതിനെ അടിസ്ഥാനമാക്കി വളർന്നുവന്ന വിമർശന പദ്ധതിയാണ് ആദിപ്രരൂപാത്മക വിമർശനം. മാക്സിയൻ പ്രത്യയശാസ്ത്രത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ട് കലാസൃഷ്ടിയുടെ സാമൂഹിക പ്രാമാണ്യത്തിന് ഊന്നൽ നൽകുന്ന വിമർശന സമീപനമാണ് മാർക്സിസ്റ്റ് വിമർശനത്തിന്റെത്. ഭാഷാശാസ്ത്രത്തിന്റെ ഉൾക്കാഴ്ചകൾ പ്രയോജനപ്പെടുത്തി സാഹിത്യ വിമർശനം നടത്തുന്ന ശൈലി വിജ്ഞാനീയ വിമർശനവും ശ്രദ്ധേയമാണ്. ഘടനാവാദം, ഉത്തരഘടനാവാദം, ദളിത് ചിന്ത, പരിസ്ഥിതിചിന്ത,സ്ത്രീവാദചിന്ത എന്നിവയിൽ നിന്ന് വെളിച്ചം സ്വീകരിച്ച് രൂപപ്പെട്ട വ്യത്യസ്ത വിമർശന പദ്ധതികളും ഇന്ന് സജീവമാണ്.

**മലയാളസാഹിത്യത്തിലെ വിമർശകർ**

'മലയാളസാഹിത്യ വിമർശനം' എന്ന സാഹിത്യ ചരിത്ര സ്വഭാവമുള്ള ഗ്രന്ഥമെഴുതിയ സുകുമാർ അഴീക്കോട് മലയാള നിരൂപണത്തിന്റെ പ്രാരംഭകനായി നിർദ്ദേശിച്ചിട്ടുള്ളത് കേരളവർമ വലിയ കോയിത്തമ്പുരാനെയാണ്. മറ്റുപലരും 'വിദ്യാവിനോദിനി' സാഹിത്യമാസികയുടെ പത്രാധിപരായിരുന്ന സി. പി. അച്യുതമേനോനെ ആ സ്ഥാനത്തേക്കു നിർദ്ദേശിക്കുന്നു. അച്യുതമേനോൻ എഴുതിയ പുസ്തക നിരൂപണങ്ങൾ സാഹിത്യ വിമർശനത്തിന്റെ വഴിയിലുള്ളതായിരുന്നു. കേരള വർമയാകട്ടെ നിരൂപണാഭിപ്രായങ്ങൾ അദ്ദേഹം പല കൃതികൾക്കും എഴുതിയ ആമുഖങ്ങളിലും അഭിപ്രായങ്ങളിലുമാണ്. മലയാള വിമർശനത്തിന്റെ പ്രാരംഭഘട്ടമാണിതെന്നും അദ്ദേഹത്തിനു ശേഷം മലയാള വിമർശനത്തിന്റെ നേതൃത്വം എ. ആർ. രാജരാജവർമയുടെ കൈകളിലേക്കു പകർന്നുവെന്നും സുകുമാർ അഴീക്കോട് പറയുന്നു (മലയാള സാഹിത്യ വിമർശനം, ഡി. സി. ബുക്സ്, 1998 പു. 61). തനിക്കു മുന്നിൽ വന്ന കേരള വർമയെയും തനിക്കു പിന്നിൽ വന്ന രാജ

രാജവർമയെയും പോലെ മലയാള സാഹിത്യ വിമർശനത്തിന്റെ പ്രാണദാതാക്കളിൽ ഒരാളെന്നും കേരളവർമയ്ക്കു ശേഷം വിമർശന രാജ്യത്തിലെ കിരീടമണിയേണ്ടിയിരുന്ന ശിരസ്സെന്നും സുകുമാർ അഴീക്കോട് സി. പി. അച്യുതമേനോനെ വാഴ്ത്തുന്നു.

പുസ്തകനിരൂപണത്തെ സാഹിത്യനിരൂപണത്തിന്റെ തലത്തിലേക്ക് ഉയർത്തിയ സി. പി. അച്യുതമേനോൻ ആമുഖങ്ങളിലും അഭിപ്രായ സർട്ടിഫിക്കറ്റുകളിലും ഒതുങ്ങി നിന്ന സാഹിത്യവിശകലനത്തെ യഥാർത്ഥ വിമർശനകലയിലേക്കു മോചിപ്പിച്ചു. മലയാള നിരൂപണശാഖ വളർന്നു വികസിച്ചതും അദ്ദേഹം വെട്ടിയ വഴിയിലാണ്. സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള, കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, സി. അന്തപ്പായി, ടി. കെ. കൃഷ്ണമേനോൻ, എം. കെ. ഗുരുക്കൾ, പി. ശങ്കരൻ നമ്പ്യാർ, നെടിയം വീട്ടിൽ ബാലകൃഷ്ണ മേനോൻ, കെ. ഇ. ജോബ്, ആറ്റൂർ കൃഷ്ണപ്പിഷാരടി, കെ. വാസുദേവൻ മൂസത്, പി. എസ്. അനന്തനാരായണ ശാസ്ത്രി, അപ്പൻ തമ്പുരാൻ, മൂർക്കോത്ത് കുമാരൻ തുടങ്ങിയവരായിരുന്നു അച്യുതമേനോനു പിന്നാലേ വന്ന നിരൂപകർ. 'വിദ്യാവിനോദിനി', 'രസിക രഞ്ജിനി', 'ഭാഷാപോഷിണി' തുടങ്ങിയ സാഹിത്യമാസികകളിലെ പുസ്തക നിരൂപണങ്ങളും ലേഖനങ്ങളും വഴിയാണ് അവർ സാഹിത്യാപഗ്രഥനം നടത്തിയത്.

- ഈ ആദ്യഘട്ടത്തിൽ തിളങ്ങിനിൽക്കുന്ന പേരാണ് എ. ആർ. രാജരാജവർമയുടേത്. കവിതയിലെ ദ്വിതീയാക്ഷരപ്രാസം വേണമോ വേണ്ടയോ എന്നതിനെച്ചൊല്ലി 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിലുമായി ഉണ്ടായ 'പ്രാസവാദം' എന്ന സംവാദത്തിൽ പ്രാസം വേണ്ട എന്ന ഉല്പതിഷ്ണ പക്ഷത്തായിരുന്നു രാജരാജവർമ. തന്റെ ലേഖനങ്ങളും അവതാരികകളും വഴി പുതിയ സാഹിത്യ സങ്കല്പത്തെ അദ്ദേഹം പിന്തുണച്ചു. പാശ്ചാത്യവും പൗരസ്ത്യവുമായ സാഹിത്യ സിദ്ധാന്തങ്ങൾ കൂട്ടിയിണക്കാനുള്ള ശ്രമം രാജരാജൻ നിർവഹിച്ചു. എന്നാൽ സാഹിത്യവിമർശനമെന്ന നിലയിൽ വളരെ കുറച്ചു മാത്രമേ അദ്ദേഹം എഴുതിയുള്ളൂ.

**രണ്ടാംഘട്ടം**

പൂർണ്ണമായും സാഹിത്യനിരൂപകൻ എന്നു വിശേഷിപ്പിക്കാവുന്ന ആദ്യത്തെ എഴുത്തുകാരൻ സാഹിത്യ പഞ്ചാനനൻ പി. കെ. നാരായണപിള്ളയായിരുന്നു. രാജരാജവർമയുടെ ശിഷ്യ പ്രധാനിയായിരുന്ന പി. കെ. ക്ലാസിക് കൃതികളോടാണു താത്പര്യം കാണിച്ചത്. തുഞ്ചത്തെഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, ചെറുശ്ശേരി എന്നിവരെപ്പറ്റി അദ്ദേഹം എഴുതിയ മൂന്നു പ്രബന്ധങ്ങൾ വിമർശനത്തിന്റെ പ്രൗഢമാതൃകകളായിരുന്നു. (എന്നാൽ കുമാരനാശാന്റെ 'കരുണ'യെ 'കുചേല വൃത്തം വഞ്ചിപ്പാട്ടു'മായി താരതമ്യം ചെയ്ത് മോശപ്പെട്ട നിരൂപണത്തിനും അദ്ദേഹം മാതൃക സൃഷ്ടിച്ചിട്ടുണ്ട്). മലയാളത്തിലെ ഗൗരവപൂർണ്ണമായ ആദ്യത്തെ സമഗ്രപഠനങ്ങളായിരുന്ന അവയിൽ 'കുഞ്ചൻ നമ്പ്യാർ' 1906 ലും 'കൃഷ്ണഗാഥാനിരൂപണം' 1915 ലും 'തുഞ്ചത്തെഴുത്തച്ഛൻ' 1930ലുമാണ് പുറത്തു വന്നത്.

കെ. ആർ. കൃഷ്ണപിള്ള, പി. അനന്തൻ പിള്ള ('കേരളപാണിനി', 'വില്യം ഷെയ്ക്സ്പിയർ', 'മിൽട്ടൻ'), കുമാരനാശാൻ, വള്ളത്തോൾ നാരായണമേനോൻ, ഉള്ളൂർ എസ്. പരമേശ്വരയ്യർ, കെ. എം. പണിക്കർ ('കവിതാ തത്ത്വനിരൂപണം'), ഐ. സി. ചാക്കോ, പി. എം. ശങ്കരൻ നമ്പ്യാർ ('സാഹിത്യലോചനം'), കുന്നത്ത് ജനാർദ്ദനമേനോൻ, ആറ്റൂർ കൃഷ്ണപ്പിഷാരടി ('മലയാള ഭാഷയും സാഹിത്യവും'), കെ. വാസുദേവൻ മൂസത്, വടക്കുംകൂർ രാജരാജവർമ, ശിരോമണി പി., കൃഷ്ണൻ നായർ ('കാവ്യജീവിതവൃത്തി') തുടങ്ങിയവരായിരുന്നു ഈ തലമുറയിലെ ശ്രദ്ധേയരായ മറ്റു നിരൂപകർ.

**മൂന്നാംഘട്ടം : കേസരി, പോൾ, മുണ്ടശ്ശേരി, മാരാർ**

സാഹിത്യനിരൂപണത്തെ ശാസ്ത്രീയവും അപഗ്രഥനാത്മകവുമായ വിചാര പദ്ധതിയാക്കി മാറ്റിയ കേസരി എ. ബാലകൃഷ്ണപിള്ള (1889 - 1960), എം. പി. പോൾ (1904 - 1952), ജോസഫ് മുണ്ടശ്ശേരി (1903 - 1977) കുട്ടികൃഷ്ണ മാരാർ (1900 - 1973) എന്നിവരാണ് മലയാള നിരൂപണശാഖയ്ക്ക് ബലിഷ്ഠമായ ചുമരുകളും മേല്പുരയും പണിഞ്ഞത്. സാഹിത്യ പഞ്ചാനൻ പി. കെ. നാരായണപിള്ള പ്രതിനിധാനം ചെയ്തിരുന്ന പഴയ നിരൂപണ സമ്പ്രദായം കേസരിയുടെ വരവോടെ

അവസാനിച്ചു. സാഹിത്യ പഞ്ചാനനൻ അന്തരിച്ച 1937-ൽ ആണ് കേസരിയുടെ 'രൂപ മഞ്ജരി' എന്ന നിരൂപണ ഗ്രന്ഥം പുറത്തിറങ്ങിയത്. പി. കെ. നാരായണപിള്ള 'സാഹിത്യ പഞ്ചാനനത്വമല്ല സാഹിത്യജംബുകത്വത്തെയാണു കാണിക്കുന്നതെ'ന്ന് 1931-ൽ കേസരി പ്രഖ്യാപിച്ചിരുന്നു. വിപ്ലവകരമായിരുന്നു കേസരിയുടെ ചിന്ത. യൂറോപ്യൻ സാഹിത്യ പ്രസ്ഥാനങ്ങളെയും ഫ്രോയിഡിയൻ മാനസികാപഗ്രഥനം പോലുള്ള വിജ്ഞാനപദ്ധതികളെയും അദ്ദേഹം കേരളത്തിനു പരിചയപ്പെടുത്തി. 'വിഗ്രഹ ഭഞ്ജനവും സ്വതന്ത്രചിന്തയും സാഹിത്യ പോഷണത്തിന് അപരിത്യാജ്യമാണെ'ന്ന് 'രൂപമഞ്ജരി'യിൽ കേസരി തീർത്തു പറഞ്ഞു.

റിയലിസത്തിനും കാല്പനികതയ്ക്കും പിന്തുണ നൽകിയ കേസരി തകഴി ശിവശങ്കരപ്പിള്ള ഉൾപ്പെടെ ഒരു പറ്റം എഴുത്തുകാരെ വാർത്തെടുക്കാനും സഹായിച്ചു. ചങ്ങമ്പുഴയ്ക്കും, ജി. ശങ്കരക്കുറുപ്പിനും ബഷീറിനും അവതാരികയെഴുതിയതും അദ്ദേഹമാണ്. നിർഭയനും നീതിമാനുമായ പത്രാധിപരുടെയും സാഹിത്യ വിമർശകന്റെയും വ്യക്തിത്വങ്ങൾ കേസരി ഒരേ സമയം കൊണ്ടു നടന്നു. ഇബ്സന്റെ നാടകമായ 'പ്രേതങ്ങൾ' (The Ghosts)സ്റ്റെൻതാളിന്റെ നോവൽ 'ചുവപ്പും കറുപ്പും', മോപ്പസാങ്ങിന്റെ 'ഒരു സ്ത്രീയുടെ ജീവിതം' തുടങ്ങിയ കൃതികൾ വിവർത്തനം ചെയ്തു. 'നവലോകം', 'നോവൽ പ്രസ്ഥാനങ്ങൾ' തുടങ്ങിയവയാണ് കേസരിയുടെ പ്രധാന കൃതികൾ.

'നോവൽ സാഹിത്യം' (1930), 'ചെറുകഥാപ്രസ്ഥാനം' (1932), എന്നീ കൃതികളിലൂടെ മലയാളത്തിലെ കഥാസാഹിത്യ വിമർശനത്തിന് അടിത്തറയിട്ടവരിലൊരാളായി എം. പി. പോൾ മാറി. കർക്കശമായ മൂല്യ വിചാരവും അയവില്ലാത്ത സൗന്ദര്യപക്ഷപാതവുമായിരുന്നു പോളിന്റെ പ്രത്യേകത. 'സൗന്ദര്യ നിരീക്ഷണം', 'സാഹിത്യ വിചാരം', 'ഗദ്യഗതി' എന്നിവയാണ് അദ്ദേഹത്തിന്റെ മറ്റു കൃതികൾ. നോവലും ചെറുകഥയും മലയാളത്തിൽ അത്രയേറെ വ്യാപകമായിക്കഴിഞ്ഞിട്ടില്ലാത്ത കാലത്താണ് 'നോവൽ സാഹിത്യം', 'ചെറുകഥാ പ്രസ്ഥാനം', എന്നീ ലക്ഷണഗ്രന്ഥങ്ങൾ പോൾ എഴുതിയത്.

കൊടുങ്കാറ്റിന്റെ തീവ്രതയോടെയാണ് ജോസഫ് മുണ്ടശ്ശേരി സാഹിത്യവിമർശനത്തിലേക്കു കടന്നു വന്നത്. പൗരസ്ത്യകാവ്യമീമാംസയും പാശ്ചാത്യ സാഹിത്യ തത്ത്വങ്ങളും ഒരുപോലെ അദ്ദേഹത്തിന്റെ സൗന്ദര്യചിന്തയിൽ

സ്വാധീനത ചെലുത്തി. പിൽക്കാലത്ത് സാഹിത്യസൃഷ്ടിയിൽ സാമൂഹിക സ്ഥിതി ചെലുത്തുന്ന സ്വാധീനത സുപ്രധാനമാണെന്ന നിലപാടിൽ മുണ്ടശ്ശേരി എത്തിച്ചേർന്നു. 'നിരാർദ്രവും ശുഷ്കവും വസ്തുസ്ഥിതി വിവരണവുമായ ഗ്രന്ഥാലോകനത്തിൽ നിന്ന്, നിരൂപകന്റെ ആത്മവത്ത അനുപദം പ്രസ്ഫുരിക്കുന്ന, ജീവന്മയമായ ഒരന്തരീക്ഷത്തിലേക്ക് മലയാള സാഹിത്യവിമർശനത്തെ നയിച്ചതു മുണ്ടശ്ശേരിയാണെന്ന് എൻ. കൃഷ്ണപിള്ള (കൈരളിയുടെ കഥ) അഭിപ്രായപ്പെടുന്നു. കാവ്യപീഠിക, മാനദണ്ഡം, പ്രയാണം, മനുഷ്യകഥാനുഗായികൾ, രൂപഭദ്രത, കരിന്തിരി, നാടകാന്തം കവിത്വം, അന്തരീക്ഷം, പുതിയ കാഴ്ചപ്പാടിൽ, രാജരാജന്റെ മാറ്റൊലി, പാശ്ചാത്യസാഹിത്യസമീക്ഷ, നനയാതെ മീൻ പിടിക്കാമോ' തുടങ്ങിയവയാണ് മുണ്ടശ്ശേരിയുടെ കൃതികൾ.

കുട്ടികൃഷ്ണ മാരാർക്ക് ആധുനിക നിരൂപകനായ കെ. പി. അപ്പൻ നൽകിയ വിശേഷണം ഹിംസാത്മകമായ വ്യക്തിത്വം എന്നാണ്. തികഞ്ഞ സംസ്കൃതപണ്ഡിതനായിരുന്ന മാരാരുടെ ബലിഷ്ഠമായ ചിന്തയുടെ വേരുകൾ ഉറച്ചിരിക്കുന്നത് ഭാരതീയ കാവ്യമീമാംസയിലും ക്ലാസ്സിക്കൽ സാഹിത്യത്തിലുമായിരുന്നു. 'സാഹിത്യം മുഖേന ആവിഷ്കരിക്കപ്പെടുന്ന മാനസിക ജീവിതത്തിന്റെ യോഗഭേദവും മാത്രാഭേദവുമാണ് സാഹിത്യോത്കർഷത്തിന്റെ പിഴയ്ക്കാത്ത മാനദണ്ഡം' എന്നാണ് മാരാർ വാദിച്ചത്. ആത്മാനുഭൂതിക്ക് അദ്ദേഹം അളവറ്റ പ്രാധാന്യം നൽകി. കടുത്ത പക്ഷപാതങ്ങൾ മാരാർക്കുണ്ടായിരുന്നു, എന്നാൽ അത് സൗന്ദര്യത്തിനു വേണ്ടിയുള്ള പക്ഷപാതമായിരുന്നു വ്യക്തിപരമായ പക്ഷപാതമായിരുന്നില്ല. സാഹിത്യസല്ലാപം, നിഴലാട്ടം, ഇങ്ങുനിന്നങ്ങോളം, കൈവിളക്ക്, ദന്തഗോപുരം, കല ജീവിതം തന്നെ, ഋഷിപ്രസാദം, ശരണാഗതി, ഭാരതപര്യടനം, രാജാങ്കണം, സാഹിത്യവിദ്യ, ഹാസ്യ സാഹിത്യം തുടങ്ങിയവയാണ് മാരാരുടെ പ്രഖ്യാത വിമർശന കൃതികൾ. വൃത്തശില്പം, മലയാള ശൈലി, സാഹിത്യഭൂഷണം, ഭാഷാവൃത്തങ്ങൾ, കുമാരസംഭവം (വ്യാഖ്യാനം), രഘുവംശം (വ്യാഖ്യാനം), മേഘദൃൂതം (വ്യാഖ്യാനം) എന്നീ കൃതികളുമുണ്ട്.

പാറായിൽ വി. ഉറുമീസ് തരകൻ, സി. എസ് നായർ, പി. ശങ്കരൻ നമ്പ്യാർ, ഡി. പദ്മനാഭനുണ്ണി, എം. ആർ. നായർ (സഞ്ജയൻ) തുടങ്ങിയ വിമർശകർ ഈ കാലഘട്ടത്തിന്റെ ആരംഭം മുതൽ രചനയാരംഭിച്ചവരാണ്. തനതായ വ്യക്തിത്വമുള്ള നിരൂപകരാണ് ഇവർ ഓരോരുത്തരും. കുരുവാൻതൊടി

ശങ്കരനെഴുത്തച്ഛൻ, ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ, കുറ്റിപ്പുഴ കൃഷ്ണപിള്ള, സി. ജെ. തോമസ്, വക്കം അബ്ദുൾ ഖാദർ, എസ്. ഗുപ്തൻ നായർ, കെ. ദാമോദരൻ, കെ. ഭാസ്കരൻ നായർ, പി. കെ. നാരായണപിള്ള, സുകുമാർ അഴീക്കോട്, പി. കെ പരമേശ്വരൻ നായർ. എസ്. കെ. നായർ, കെ. എം. ജോർജ്, എം. കൃഷ്ണൻ നായർ, പി. ദാമോദരൻ പിള്ള, കെ. എം. ഡാനിയൽ, കെ. പി. നാരായണപ്പിഷാരടി, കെ. ബാലരാമപ്പണിക്കർ, ഇ. വി. ദാമോദരൻ, പി. എ. വാരിയർ, കെ. സുരേന്ദ്രൻ, എം. ശ്രീധരമേനോൻ, എം. ലീലാവതി, എം. കെ. സാനു, എം.പി. ശങ്കുണ്ണിനായർ, എൻ. കൃഷ്ണപിള്ള, കെ. രാഘവൻ പിള്ള, പി. കെ. ബാലകൃഷ്ണൻ, എം. അച്യുതൻ, കെ. എം. തരകൻ, എം. എൻ. വിജയൻ, ഇ. എം. എസ്. നമ്പൂതിരിപ്പാട്, പി. ഗോവിന്ദപ്പിള്ള, തായാട്ടു ശങ്കരൻ, കെ. പി. ശരത് ചന്ദ്രൻ, കെ. പി. ശങ്കരൻ, എം. ആർ. ചന്ദ്രശേഖരൻ, എൻ. വി. കൃഷ്ണവാരിയർ തുടങ്ങിയ വലിയൊരു നിര കൂടിയാലേ നിരൂപണത്തിന്റെ മൂന്നാംഘട്ടം പൂർത്തിയാകുന്നുള്ളൂ.

ഈ ഗണത്തിൽ സവിശേഷപ്രാധാന്യമുള്ള വിമർശകരാണ് കുറ്റിപ്പുഴ കൃഷ്ണപിള്ള, എസ്. ഗുപ്തൻ നായർ, കെ. ഭാസ്കരൻ നായർ, സുകുമാർ അഴീക്കോട്, എം. കൃഷ്ണൻ നായർ, എം. ലീലാവതി, എം. അച്യുതൻ, എം. എൻ. വിജയൻ എന്നിവർ. തികഞ്ഞ യുക്തി ചിന്തയാണ് കുറ്റിപ്പുഴയുടെ വിമർശനത്തിന്റെ കാതൽ. സാഹിതീയം വിചാരവിപ്ലവം, വിമർശരശ്മി, ഗ്രന്ഥാവലോകനം, ചിന്താതരംഗം തുടങ്ങിയവ പ്രധാനകൃതികൾ. വിമർശനത്തിലെ സൗമ്യമായ മധ്യമാർഗത്തിന്റെ ഉപാസകനായിരുന്നു എസ്. ഗുപ്തൻ നായർ. സുദീർഘമായ സാഹിത്യജീവിതത്തിൽ അദ്ദേഹം ഒട്ടേറെ കൃതികൾ രചിച്ചു. ആധുനിക സാഹിത്യം, സമാലോചന, ഇസങ്ങൾക്കപ്പുറം, തിരയും ചുഴിയും, കാവ്യസ്വരൂപം, നവമാലിക, സൃഷ്ടിയും സ്രഷ്ടാവും, അസ്ഥിയുടെ പൂക്കൾ, ഗദ്യം പിന്നിട്ട വഴികൾ, സമാലോചനയും പുനരാലോചനയും തുടങ്ങിയവ മുഖ്യകൃതികൾ. ഖണ്ഡനവിമർശനമാണ് സുകുമാർ അഴീക്കോടിന്റെ രീതി. ധൈഷണികതയും പ്രഭാഷകത്വവും അദ്ദേഹത്തിന്റെ രചനയിൽ മുന്നിട്ടു നിൽക്കുന്നു. ആശാന്റെ സീതാകാവ്യം, ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു, രമണനനും മലയാള കവിതയും, പുരോഗമന സാഹിത്യവും മറ്റും വായനയുടെ സ്വർഗത്തിൽ, മലയാള സാഹിത്യപഠനങ്ങൾ, വിശ്വസാഹിത്യപഠനങ്ങൾ,

ഖണ്ഡനവും മണ്ഡനവും, മലയാള സാഹിത്യവിമർശനം തുടങ്ങിയവ മുഖ്യകൃതികൾ.

സമൃദ്ധമായ രചനാജീവിതത്തിനുടമയാണ് എം. ലീലാവതി. സ്ത്രീകൾ വളരെ കുറച്ചു മാത്രമുള്ള മലയാള നിരൂപണത്തിൽ പാണ്ഡിത്യം കൊണ്ടും രചനാ വൈപുല്യം കൊണ്ടും ലീലാവതി വേറിട്ടു നിൽക്കുന്നു. കവിതാധ്വനി, ജി.യുടെ കാവ്യജീവിതം, നവതരംഗം, അമൃതമശ്നുതേ, കവിതയും ശാസ്ത്രവും, മൂല്യസങ്കല്പങ്ങൾ, സത്യം ശിവം സുന്ദരം, വർണരാജി തുടങ്ങിയവ പ്രധാന കൃതികൾ. 'സാഹിത്യവാരഫലം' എന്ന പ്രശസ്തമായ സാഹിത്യനിരൂപണ പംക്തിയാണ് എം. കൃഷ്ണൻ നായരെ പ്രശസ്തനാക്കിയത്. മലയാള നാട്, കലാകൗമുദി, മലയാളം വാരിക എന്നിവയിലായി മുപ്പത്തേഴുവർഷത്തോളം അദ്ദേഹം മുടക്കം കൂടാതെ വാരഫലമെഴുതി. ലോകസാഹിത്യത്തിലെ ഏറ്റവും പുതിയ കൃതികൾ വരെ പരിചയപ്പെടുത്തിയ കൃഷ്ണൻ നായർ അവയുടെ വെളിച്ചത്തിൽ മലയാളത്തിലെ ആനുകാലിക രചനകളെ നിർദ്ദയം വിലയിരുത്തി. മിത്രങ്ങളെക്കാൾ കൂടുതൽ ശത്രുക്കളെ സൃഷ്ടിക്കുകയും ചെയ്തു. എന്നാൽ സമഗ്രപഠനങ്ങൾക്കോ സ്വകീയമായ സാഹിത്യ നിലപാടുകളുടെ രൂപവത്കരണത്തിനോ അദ്ദേഹം ശ്രമിച്ചില്ല.

ഒരു ശബ്ദത്തിൽ ഒരു രാഗം, കറുത്ത ശലഭങ്ങൾ, സ്വപ്നമണ്ഡലം, പ്രകാശത്തിന് ഒരു സ്തുതിഗീതം, ഏകാന്തതയുടെ ലയം, ശരത്കാല ദീപ്തി, വായനക്കാരാ നിങ്ങൾജീവിച്ചിരിക്കുന്നുവോ തുടങ്ങിയവയാണ് പ്രധാന കൃതികൾ.

**ആശാൻ്റെ സീത- ജോസഫ് മുണ്ടശ്ശേരി**

- കേരളത്തിന്റെ മുൻ വിദ്യാഭ്യാസ മന്ത്രിയും എഴുത്തുകാരനും പ്രഭാഷകനുമായിരുന്നു പ്രൊഫ. ജോസഫ് മുണ്ടശ്ശേരി

- ജോസഫ് മുണ്ടശ്ശേരിയും കേസരി ബാലകൃഷ്ണപിള്ളയും എം.പി.പോളുമായിരുന്നു മലയാളത്തിലെ പ്രശസ്തമായ സാഹിത്യവിമർശകത്രയം.

- പൗരസ്ത്യകാവ്യമീമാംസയും പാശ്ചാത്യ സാഹിത്യ തത്ത്വങ്ങളും ഒരുപോലെ അദ്ദേഹത്തിന്റെ സൗന്ദര്യചിന്തയിൽ സ്വാധീനം ചെലുത്തി

- അദ്ദേഹത്തിന്റെ ആത്മകഥയാണ് കൊഴിഞ്ഞ ഇലകൾ
- കാവ്യപീഠിക, മാനദണ്ഡം, മാറ്റൊലി, മനുഷ്യകഥാനുഗായികൾ, വായനശാലയിൽ (മൂന്നു വാല്യങ്ങൾ), രാജരാജന്റെ മാറ്റൊലി, നാടകാന്തം കവിത്വം, കരിന്തിരി, കുമാരനാശാന്റെ കവിത - ഒരു പഠനം, വള്ളത്തോളിന്റെ കവിത - ഒരു പഠനം, രൂപഭദ്രത, അന്തരീക്ഷം, പ്രയാണം, പാശ്ചാത്യ. സാഹിത്യ സമീക്ഷ തുടങ്ങിയവയാണ് പ്രധാന കൃതികൾ
- കുമാരനാശാൻറെ ചിന്താവിഷ്ടയായ സീത എന്ന കാവ്യത്തിന് ജോസഫിന്റെ എഴുതിയ വിമർശന ലേഖനമാണ് ആശാൻറെ സീത

- 1971 പുറത്തിറങ്ങിയ ആശാൻ കവിത ഒരു പഠനം എന്ന കൃതിയിലാണ് ഈ ലേഖനമുള്ളത്

- ആശാൻറെ ലീല, നളിനി മുതലായ കൃതികളെപ്പോലെ ചിന്താവിഷയ സീതയിലും ആദർശവൽകൃതമായ പ്രണയ സംഘർഷം തന്നെയാണ് ആവിഷ്കരിക്കുന്നതെന്ന് മുണ്ടശ്ശേരി പറയുന്നു

- സ്ത്രീ പുരുഷാധികാരത്തിന് അടിമപ്പെട്ടവളാണ് എന്ന ചിന്തയാണ് പരമ്പരാഗതമായി വെച്ചുപുലർത്തപ്പെട്ടിട്ടുള്ളത്

- കൗമാരത്തിൽ പിതാവിൻ്റേയും യൗവനത്തിൽ ഭർത്താവിൻ്റേയും വാർദ്ധക്യത്തിൽ പുത്രൻ്റെയും സംരക്ഷണത്തിൽ കഴിയേണ്ടവളാണ് സ്ത്രീ എന്ന ചിന്ത ഭാരതത്തിലുണ്ടായിരുന്നു.

- ഈ സ്ത്രീ അസ്വാതന്ത്ര്യത്തിനെതിരെ സീതയും മുൻനിർത്തിക്കൊണ്ട് ശബ്ദം ഉയർത്തുകയാണ് ആശാൻ ചെയ്യുന്നത്

- സീതയെ പാതിവ്രത്യത്തിൻ്റെയും ക്ഷമയുടെയും സഹനശീലത്തിൻ്റെയും ഉത്തമ മാതൃകയായിട്ടാണ് ഭാരതീയർ കണ്ടിട്ടുള്ളത്

- സീതയെ മുൻനിർത്തിക്കൊണ്ട് സ്ത്രീകളുടെ സ്വാതന്ത്ര്യത്തെയും കർതൃത്വത്തെയും എങ്ങനെയാണ് ആശാൻ ആവിഷ്കരിച്ചു വച്ചിരിക്കുന്നത് എന്ന് അന്വേഷിക്കുകയാണ് ഈ ലേഖനത്തിലൂടെ ചെയ്യുന്നത്

- രാമനെതിരെ ഗുരുതരവും ശക്തവുമായ ആരോപണം സീത ഉന്നയിക്കുന്നുണ്ട്.

- ഈ സീതയെ ചിന്താവിഷ്ടയായ രീതിയിലാണ് ആശാൻ അവതരിപ്പിച്ചിട്ടുള്ളത്

- തന്റെ മക്കളായ ലവ -കുശന്മാരെയും കൂട്ടി വാല്മീകി അയോധ്യ പോയ സന്ദർഭത്തിലാണ് സീത ഗഹനമായി ഇരുന്ന് ആലോചിക്കുന്നത്

- ഈ ആലോചനയിൽ സീത നേരിട്ട അരുതായ്മകളെ ഓരോന്നോരോന്നായി പരിശോധിച്ച് രാമനെ കുറ്റവിചാരണ ചെയ്യുന്നുണ്ട് സീത

- ഈ കുറ്റവിചാരണ മനസ്സിലാണ് നടക്കുന്നത്

- രാജാവായ രാമനെ പരസ്യ വിചാരണയ്ക്ക് വിധേയമാക്കുന്നത് ഉചിതമല്ല എന്നറിയുന്നതിനാലാവും സീത ചിന്താവിഷ്ടയാക്കി മാറ്റിയതിൻ്റെ ഒരു കാരണം എന്ന് മുണ്ടശ്ശേരി നിരീക്ഷിക്കുന്നു

- സ്ത്രീക്ക് സ്വതന്ത്രമായ ചിന്തയും അഭിപ്രായവുമില്ലാത്ത വാൽമീകിയുടെ കാലത്തുനിന്നും സ്വന്തമായ അഭിപ്രായമുള്ള സ്ത്രീ കഥപാത്രങ്ങളുടെ കാലമായി കുമാരനാശാൻറെ കാലം മാറുന്നുണ്ട് ( ഉദാഹരണം ഇന്ദുലേഖ)

- വെട്ടിത്തുറന്നു പറയുന്നതിലെ അപാകതകൾ ഒഴിവാക്കാൻ വേണ്ടിയിട്ടാണ് സീതയുടെ വിമർശനങ്ങളെ മനസ്സിൽ മാത്രം തങ്ങിനിൽക്കുന്ന രീതിയിൽ അവതരിപ്പിച്ചത് - ഇത് ആശാന്റെ ബുദ്ധിപരമായ നീക്കമായിട്ടാണ് മുണ്ടശ്ശേരി കാണുന്നത്

- സീത ഗാഢമായ ചിന്തയിൽ ആണ്ടുപോകത്തക്ക രീതിയിൽ ഒരു പശ്ചാത്തലവും ആശാൻ ഒരുക്കി കൊടുത്തിട്ടുണ്ട്
- എല്ലാവരും പോയി ആശ്രമത്തിൽ തനിച്ചായ സന്ദർഭത്തിലാണ് സീത ചിന്താകുലയായി തീരുന്നത്

- സൂര്യൻ അസ്തമിച്ചതും ചന്ദ്രനുദിച്ചതും മുടിയിൽ മിന്നാമിന്നികൾ വന്നിരുന്നതും സീത അറിയുന്നില്ല. ഈ പശ്ചാത്തലം
- സീതയുടെ ചിന്തയുടെ ആഴത്തെ മനസ്സിലാക്കിത്തരുന്നു

- ഈ കവിത പേരുകൊണ്ടും ഉള്ളടക്കം കൊണ്ടും വിചാരത്തിന് / ചിന്തയ്ക്ക് പ്രാധാന്യമുള്ള കൃതിയാണിത്

- ബൗദ്ധികത കൃതികളിലെ വൈകാരികമായ അനുഭൂതിക്ക് തടസ്സമാവാറുണ്ട്.

- ഇതിനെ അതിജീവിച്ച കൃതികൾ കണ്ണുനീർതുള്ളിയും ബാഷ്പാഞ്ജലിയുമാണ്

- ഇതോടു ചേർത്ത് വെക്കാവുന്ന കൃതിയാണ് ചിന്താവിഷ്ടയായ സീത.

- യുക്തിവിചാരങ്ങളെ പോലും ഹൃദയഹാരിയായി അവതരിപ്പിക്കാൻ ആശാന് സാധിച്ചിട്ടുണ്ട്

- പാശ്ചാത്യ സാഹിത്യകാരൻ ബ്രൗണിങ്ങിന്റെ ഡ്രാമാറ്റിക് മോണോ ലോഗ് പോലെയുള്ള കാവ്യരചനാരീതി ആശാനെ സാധിച്ചിട്ടുണ്ടെങ്കിലും കാളിദാസനും മേഘസന്ദേശവുമായിരിക്കണം കാവ്യ നിർമ്മാണ പ്രക്രിയയിൽ ആശാന് മാതൃകയായത് എന്നും മുണ്ടശ്ശേരി അഭിപ്രായപ്പെടുന്നു

- ചിന്താവിഷ്ടയായ സീതയിലൂടെ ആ കാലത്തിൻറെ ജീവിതാവസ്ഥയിലേക്ക് കൂടി ആശാൻ കടന്നു ചെല്ലുന്നുണ്ട്.

- രാമായണ കാലത്തിലെ ധാർമ്മികമൂല്യങ്ങളാണ് കാലു നേരെ പുരോഗമിച്ചിട്ടും ഇന്നും സമൂഹത്തിനെ ഭരിക്കുന്നത്.

- അതിനെ ചോദ്യം ചെയ്യുകയാണ് കവിതകൾ ചെയ്യേണ്ടത്

- കാലങ്ങൾ പിന്നിട്ടിട്ടും സ്ത്രീ ആസ്വാതന്ത്ര്യയായി നിൽക്കുന്നതിന്റെ ചോദ്യം ചെയ്യാൻ ആശാൻ സാധിക്കുന്നു

- അത് കാവ്യലോകത്തിന് വലിയ സംഭാവനയായി മാറുന്നു എന്നും മുണ്ടശ്ശേരി പറയുന്നു

**പ്രണയത്തിൻറെ അധരസിന്ദൂരം കൊണ്ടെഴുതിയ കഥ - കെ.പി അപ്പൻ**

- പ്രശസ്ത നിരൂപകനും എഴുത്തുകാരനുമാണ് കെ. പി അപ്പൻ
- സാഹിത്യത്തിലെ പരമ്പരാഗത മൂല്യങ്ങളോട്, ഉറച്ചുപോയ ശീലങ്ങളോട്, ചിട്ടകളോട്, വ്യവസ്ഥകളോട്, സദാചാര മൂല്യങ്ങളോട്, ജീർണ്ണിച്ചസാംസ്ക്കാരികവും,രാഷ്ട്രീയവുമായ മൂല്യങ്ങളോട്, പഴകിയ ലാവണ്യ ബോധത്തോട് നിരന്തരം ഏറ്റുമുട്ടുകയും കലഹിക്കുകയും ചെയ്യുന്ന വിമർശന പാഠങ്ങൾ
- മലയാള സാഹിത്യത്തിൻറെ ആധുനികതാ പ്രവണതയ്ക്ക് ദിശാബോധം നൽകിയ വിമർശകൻ
- തിരസ്കാരം,ക്ഷോഭിക്കുന്നവരുടെ സുവിശേഷം,

- പ്രകോപനങ്ങളുടെ പുസ്തകം,
- കലഹവും വിശ്വാസവും,
- മലയാള ഭാവന: മൂല്യങ്ങളും സംഘർഷങ്ങളും - തുടങ്ങിയവ പ്രധാന കൃതികൾ

## ടി. പദ്മനാഭൻ

- പ്രകാശം പരത്തുന്ന പെൺകുട്ടി, ഗൗരി, കടൽ, മഖൻ സിങ്ങിന്റെ മരണം, വീടു നഷ്ടപ്പെട്ട കുട്ടി തുടങ്ങിയ കഥകളിലൂടെ മലയാളിമനസ്സിലിടം നേടിയ കഥാകാരനാണ് ടി പത്മനാഭൻ
- 1931-ൽ കണ്ണൂർ ജില്ലയിലെ പള്ളിക്കുന്നിലായിരുന്നു ടി. പത്മനാഭന്റെ ജനനം

- ഇല്ലായ്മകളുടെ, ഒറ്റപ്പെടലുകളുടെ, സ്നേഹശൂന്യതയുടെ പകർത്തിയെഴുതലുകൾ ഭാവാർദ്രമായി ആവിഷ്കരിച്ച എഴുത്തുകാരന്
- *1974-ൽ 'സാക്ഷി' എന്ന കഥാസമാഹാരത്തിന് കേരള സാഹിത്യ അക്കാദമി അവാർഡും 1995-ൽ 'കടൽ' എന്ന കൃതിക്ക് ഓടക്കുഴൽ അവാർഡും 1996-ൽ 'ഗൗരി ' എന്ന പുസ്തകത്തിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു.

- പാഠം

  - ടി പത്മനാഭന്റെ കഥകൾക്കെല്ലാം പുതിയൊരു ഊർജവും ഉന്മേഷവും നൽകാനുള്ള ശേഷിയുണ്ട്
  - ഉള്ളടക്കം ചെറുതാണെങ്കിലും വലിയ ഉൾക്കാഴ്ചകൾ നൽകുന്ന സാഹിത്യാനുഭവങ്ങൾ പത്മനാഭന്റെ കഥകളിലുണ്ട്
  - ഞാൻ, അയാൾ എന്നീ രൂപങ്ങൾ കഥകളിൽ നിരന്തരം കടന്നു വരുന്നതിനാൽ എല്ലാ കഥകളും ഒരുപോലെയാണെന്ന് വായനക്കാർ തെറ്റിദ്ധരിക്കാറുണ്ട്.
  - വാസ്തവത്തിൽ അയാൾ, ഞാൻ എന്നീ രൂപങ്ങളിലൂടെ സാംസ്കാരികമായ സാധ്യതകളെ അന്വേഷിക്കുകയും ലോകത്തിൻറെ വൈവിധ്യങ്ങളെയും വൈരുദ്ധ്യങ്ങളെയും അന്വേഷിക്കുകയും ചെയ്യുകയാണ് പത്മനാഭൻ ചെയ്യുന്നത്

- *തന്റെ ചുറ്റുപാടിലുള്ള സകലതിനോടും സ്നേഹത്തോടുകൂടിയുള്ള സമീപനമാണ് കഥാകൃത്ത് വെച്ചുപുലർത്തുന്നത്. ഈ സ്നേഹമാണ് പത്മനാഭന്റെ കഥകളിൽ നിറഞ്ഞുനിൽക്കുന്നത്
  - പത്മനാഭന്റെ ഗൗരി എന്ന കഥ ഇത്തരത്തിലുള്ള സ്നേഹത്തിൻറെ അനുഭവമാണ് പങ്കുവെക്കുന്നത്
  - ഈ സ്നേഹം കമ്പോളിക്കപ്പെട്ട സ്നേഹമല്ല മറിച്ച് സൗരഭ്യമാധുര്യങ്ങൾ ഉള്ള സ്ത്രീ പുരുഷ ബന്ധമാണ് എന്നാണ് കെ പി അപ്പൻ നിരീക്ഷിക്കുന്നത്
  - സ്നേഹത്തിൻറെ യാഥാർഥ്യം എന്താണെന്നാണ് പദ്മനാഭൻ അന്വേഷിക്കുന്നത്
  - പത്മനാഭന്റെ സ്നേഹത്തെ പ്രതിയുള്ള ഈ സമീപനം ആശാന്റെ കാവ്യ സംസ്കാരത്തെ ഓർമിപ്പിക്കുന്നു എന്നും കെ പി അപ്പൻ പറയുന്നു. മാംസ നിബദ്ധമല്ലാത്ത ഉദാത്ത പ്രണയ സങ്കൽപ്പമാണ് ആശാനുള്ളത്
  - സ്നേഹം നിറഞ്ഞ കാവ്യഭാഷണങ്ങളാണ് ഗൗരി എന്ന കഥയിലെ സംഭാഷണങ്ങൾ. പ്രണയത്തിൻറെ അധരസിന്ദൂരം കൊണ്ടെഴുതിയ വാക്കുകളാണ് ഇതെന്ന് കെ.പി എപ്പൻ സ്ഥാപിക്കുന്നു

  - ഈ സംഭാഷണങ്ങളിലെ സ്നേഹ സങ്കൽപ്പം കുമാരനാശാൻറെ നളിനിയെയും ലീലയേയും ഓർമിപ്പിക്കുന്നു
  - ആശാൻ്റെ പ്രണയഭാവന പത്മനാഭനിൽ ആവേശിച്ചിരിക്കുന്നു. കഥാകൃത്തിന്റെ അബോധത്തിൽ ആശാൻ്റെ കാവ്യ സംസ്കാരം ഇടപെടുന്നു
  - അങ്ങനെ ഗൗരി വായിക്കുമ്പോൾ നമ്മൾ ആശാനിലേക്ക് നളിനിലേക്കും ലീലയിലേക്കും സഞ്ചരിക്കുന്നു.
  - ഗൗരിയിലെ പ്രണയം ആസക്തിയുള്ള പ്രണയത്തിൻ്റെ ഭാഗമല്ല. പക്ഷേ അതേസമയം രതിഭാവം സംയമനത്തോടെ അനുഭവപ്പെടുകയും ചെയ്യുന്നുണ്ട്. അത്തരം വിശേഷങ്ങളിലേക്ക്

വാക്കുകൾ കൊണ്ട് വായനക്കാരനെ കൊണ്ടു പോകാൻ പത്മനാഭന് സാധിക്കുന്നു

- ഗൗരിയിലെ പ്രണയ സങ്കല്പത്തെ ദാർശനികമായ ഗൗരവത്തിലേക്ക് ഉയർത്തുന്നുണ്ട് പത്മനാഭൻ
- ഗൗരിയും കാമുകനും

➢ ബാഗമതിയുടെ തീരത്ത് കരയിൽ ചിതയിൽ എരിയുന്ന ശവങ്ങൾ നോക്കിയായി നിൽക്കുന്ന രംഗം അവതരിപ്പിക്കുന്നുണ്ട്.

- സ്നേഹവും മരണവും കൈകോർക്കുന്ന ഈ രംഗം പത്മനാഭന്റെ കാവ്യാത്മകമായ ജ്ഞാനം ആയിട്ടാണ് കെ പി അപ്പൻ നിരീക്ഷിക്കുന്നത്.
- ഈ ചിതകൾ പ്രേമത്തിന്റെ തീവ്രാനുഭവത്തിൽ ഇരിക്കുന്ന കഥാപാത്രങ്ങളിലേക്ക് ജീവിതത്തിൻറെ അസ്ഥിരതയെക്കുറിച്ചും രാഗശൂന്യതയെക്കുറിച്ചും അവബോധം നൽകുന്ന കാഴ്ചയായി മാറുന്നുണ്ട്.
- എല്ലാ പ്രതാപവും ശരീര സൗന്ദര്യവും ഇഷ്ടവ്യക്തികളും നഷ്ടമാകുമെന്നജ്ഞാനം ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നു
- ഇവിടെ സ്നേഹവും മരണവും ഇണകളായി തീരുന്നു
- ആശാൻറെ കാവ്യങ്ങളിൽ സ്നേഹത്തിൻറെ മരണത്തിന്റെയും ഇഴപ്പിരിയൽ കാണാം
- മികച്ച ഏത് ഭാവനയിൽ സ്നേഹത്തെ മരണത്തിൻറെ സാന്നിധ്യത്തിലൂടെ കടത്തിക്കൊണ്ടുപോകുന്നു എന്ന് കെ പി അപ്പൻ നിരീക്ഷിക്കുന്നു
- പ്രണയത്തെ ആത്മീയതയുടെ ദാർശനിക തലങ്ങളിലേക്ക് കൊണ്ടുപോകാൻ പത്മനാഭന് സാധിക്കുന്നു
- ചുടലയുടെ അവതരണം പദ്മനാഭനിലെ ശൈവ ( ശിവൻ)വ്യക്തിത്വത്തിൻ്റെ പ്രകാശനമാണ്. കുമാരനാശാനും തൻ്റെ പ്രധാന കൃതികളിലൂടെ ശൈവ വ്യക്തിത്വത്തെ തിരിച്ചറിഞ്ഞിട്ടുണ്ട്.

- ഇങ്ങനെ ശ്മശാന ഭസ്മം പൂശുന്ന ശിവ സൃഷ്ടിയായ ജ്ഞാനം ആശാനിലെന്നപോലെ പത്മനാഭനിലും കലരുന്നു
- ഇതിനുള്ള തെളിവാണ് ഗൗരി എന്ന കഥയുടെ ശീർഷകം
- ഗൗരി എന്ന പേര് പാർവ്വതിയുടെ മറ്റൊരു പേരാണ് .

- ഗൗരി എന്ന കഥ വായിക്കുമ്പോൾ നാം വർത്തമാനകാലത്തിരുന്ന് അതിലേക്ക് പ്രവേശിക്കുന്ന ഭൂതകാലത്തിൻ്റെ ഓർമ്മകൾ തിരിച്ചറിയുന്നു

ഇവനെക്കൂടി - ഒരു പഠനം - ലീലാവതി

- സാഹിത്യനിരൂപക, എഴുത്തുകാരി, പ്രഭാഷക, അദ്ധ്യാപിക എന്നീ നിലകളിൽ പ്രശസ്തയാണ് ലീലാവതി

- ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ - ഒരു പഠനം,
  അപ്പുവിന്റെ അന്വേഷണം,
  വർണ്ണരാജി,
  അമൃതമശ്നുതേ,
  കവിതാരതി,
  നവതരംഗം,
  വിശ്വോത്തരമായ വിപ്ലവേതിഹാസം തുടങ്ങിയവയാണ് പ്രധാന കൃതികൾ

- ലേഖനം

- മനശാസ്ത്രജ്ഞനായ സി.ജി. യുങ്ങിന്റെ സമൂഹമനഃശാസ്ത്രമാണ് ലീലാവതിയുടെ മന:ശാസ്ത്രപഠനങ്ങൾക്ക് അടിസ്ഥാനം.

- ഒരടിസ്ഥാന മാതൃകയിൽനിന്ന് പകർപ്പുകൾ നിർമ്മിക്കപ്പെടുന്നുണ്ടെങ്കിൽ അതിനെ ഒരു മൂലമാതൃക എന്നുപറയാമല്ലോ. അത്തരത്തിൽ മനുഷ്യ മനസ്സിൽ നിലനിൽക്കുന്ന ചില മൂലമാതൃകകളെയാണ് ആദിപ്രരൂപങ്ങൾ എന്നു പറയുന്നത്.

- വ്യക്തിക്ക് എന്നപോലെ സമൂഹത്തിനും ബോധമനസ്സും അബോധമനസ്സും ഉണ്ടെന്നും സമൂഹബോധമനസ്സിന്റെ ഉള്ളടക്കം ആദി പ്രരൂപങ്ങളാണെന്നും അവയെ പൊതിഞ്ഞു നിൽക്കുന്ന കഥകളാണ് മിത്ത് എന്നുമാണ് ഈ കണ്ടെത്തൽ.

  - മരണമാണ് നിത്യ സത്യമായ യാഥാർത്ഥ്യം
  - ജീവിതത്തിന് പൂർണ്ണവിരാമം ഇടുന്നു മരണം
  - പക്ഷേ മഹാത്മാക്കൾ മരിച്ചാലും അവർ ചെയ്ത പ്രവർത്തികൾ മരണാനന്തരവും ജീവിക്കുന്നു
  - അവരുടെ കൃതികളിലൂടെ വാക്കുകളിലൂടെ ഓർമ്മകളിലൂടെ ജീവിത മാതൃകകളിലൂടെ പിൻ തലമുറക്കാർ അവരെ കാണുന്നു
  - മരണാനന്തരം സച്ചിദാനന്ദൻ്റെ ഇവനെക്കൂടി എന്നെ കവിതയിലൂടെ വൈലോപ്പിള്ളി ശ്രീധരമേനോൻ വീണ്ടും ജീവിക്കുന്നു
  - ഉപനിഷത്തുകൾ രചിച്ച ഋഷിമാർ മുതൽ കുമാരനാശാൻ വരെയുള്ളവരുടെ ജീവിതങ്ങൾ പകർത്തു നൽകിയ പന്തങ്ങൾ

ഇടശ്ശേരിയിലൂടെയും വൈലോപ്പിള്ളിയിലുടെയും കൈമാറി സച്ചിദാനന്ദന്റെ തലമുറയിൽ എത്തി നിൽക്കുന്നു

- ആ പൈതൃകത്തിന്റെ ഊറ്റം ഇവനെ കൂടി എന്ന കവിതയിലും കാണാം
- ഏറുന്നു വീണ്ടും നമ്മളൊഴിച്ച പിശാചുക്കൾ
  - കാവിയിൽ, വെളുപ്പിൽ ആത്മാക്കൾക്ക് വിലപേശി എന്ന വരി ആ മഹാ പൈതൃകത്തിന്റെ നിഷേധം അല്ല എന്നും അവ മഹത്തായ പൈതൃകത്തിൻറെ പ്രതീകങ്ങളല്ല എന്നും ലീലാവതി ടീച്ചർ പറയുന്നു. ദുഷിപ്പുകളെ ഇല്ലായ്മ ചെയ്യുന്നത് ആ പൈതൃക സംസ്കാരത്തിൻറെ ഭാഗമാണ്

- വൈലോപ്പിള്ളി കവിതകളിൽ ഈ രണ്ടു ഭാവങ്ങളും കാണാം. യുക്തിയുടെ,പുരോഗമനത്തിന്റെ ആവശ്യകതക്ക് വേണ്ടി നിൽക്കാനും, പുതിയകാലം മാനവികത മറന്ന് പ്രകൃതിയെ ചൂഷണം ചെയ്യുന്നതിന് എതിരെ നിൽക്കുന്നതിനും വൈലോപ്പിള്ളി ശ്രമിച്ചിരുന്നു.

- സൽ ജീവിതത്തിൻ്റെ മാമ്പഴക്കാലം തീരുന്നു

- ഈ മാമ്പഴക്കാലം( നന്മയുടെ ലോകം) ആഗ്രഹിച്ചിട്ടും അതു നടപ്പിൽ വരുത്താൻ സച്ചിദാനന്ദൻ ഉൾപ്പെടെയുള്ള എഴുത്തിൻ്റെ മരുമക്കൾക്ക് സാധിക്കുന്നില്ല

- ഈ സ്വപ്നം നശിച്ച ലോകത്ത് സ്വർണ്ണക്കിണ്ണമായി വൈലോപ്പിള്ളി പ്രത്യക്ഷപ്പെടും എന്നവർ പ്രത്യാക്കുന്നു

- വൈലോപ്പിള്ളിയുടെ കാവ്യലോകത്തെ കേരളീയ സാഹിത്യലോകം നാടിൻറെ സ്വർണ്ണകിണ്ണമായിട്ടാണ് കണ്ടിട്ടുള്ളതെന്നും അതുകൊണ്ടാണ് വൈലോപ്പിള്ളി വാനിൽ പൂർണ്ണ ചന്ദ്രനായി വിളഞ്ഞുനിൽക്കുന്ന പുനർജനി പ്രരൂപമായി സച്ചിദാനന്ദൻ്റെ കവിതയിൽ വരുന്നതെന്നും ലീലാവതി പറയുന്നു

- സച്ചിദാനന്ദൻറെ പൂർവ്വ കവിയായ വൈലോപ്പിള്ളി കവിതയിൽ അവതരിപ്പിച്ച പ്രരൂപമാണ് സ്വർണക്കിണ്ണമായി മാറിയ ചന്ദ്രൻ ( ചന്ദ്രൻ്റെ ചിരി എന്ന കവിതയിൽ ചന്ദ്രൻ സ്വർണ്ണകിണ്ണമായി രൂപാന്തരപ്പെടുന്നുണ്ട്. ഇത് രൂപാന്തരപ്രാപ്തി രൂപത്തെ സച്ചിദാനന്ദൻ വൈലോപ്പിയെ കുറിക്കാൻ വേണ്ടി ബിംബമായി സ്വീകരിച്ചു ).

- നിളയെ ഉമയായി കാണുന്നു സച്ചിദാനന്ദൻ ( പാർവ്വതിയാണ് ഉമ - തപസ്സു ചെയ്താണ് പാർവ്വതി ശിവനെ നേടുന്നത്. തപസ്സ് ചെയ്തു പതിയെ ( ഭർത്താവ് )നേടിയ ഒരു സ്ത്രീ തത്വം വൈലോപ്പിള്ളിയുടെ സാവിത്രി എന്ന കവിതയിലുണ്ട് ).

- സച്ചിദാനന്ദൻ സ്വീകരിച്ച മറ്റൊരു പ്രരൂപം രക്ഷകപിതൃസത്തയാണ്. വൈലോപ്പിള്ളിയുടെ അസ്വസ്തമായ നെറ്റി ചുംബിക്കുവാൻ നിളാ നദിയോടും സഹ്യ പർവതത്തോടും സച്ചിദാനന്ദൻ ആവശ്യപ്പെടുന്നുണ്ട്.

- വൈലോപ്പിള്ളിയുടെ തന്നെ കവിതാ സൂചനകൾ വച്ചുകൊണ്ട് വൈലോപ്പിള്ളിയെ അനുസ്മരിക്കുമ്പോൾ വെറും വിലാപമായി അത് മാറുന്നില്ല.

- വൈലോപ്പിള്ളിയുടെ കവന കർമ്മത്തെ വർണ്ണിക്കുമ്പോൾ നൽകിയിരിക്കുന്നത് ആത്മബലി പ്രരൂപത്തിനാണ്

- എട്ടുകെട്ടുകൾ കത്തുന്ന പട്ടടവെണ്ണീറിൽ തന്റെ നെല്ലിക്ക് കയ്ക്കുന്ന സത്യങ്ങളെക്കൊണ്ടു സൗന്ദര്യം വിളയിക്കുന്ന കവിത -നീർകോരാൻ നിൽക്കുന്നവൻ; കണ്ണീർപ്പാടം ഉള്ളംകൈയിലെടുത്താച മിച്ചവൻ; നാളെ കുഞ്ഞുങ്ങൾക്കമൃതാകാൻവേണ്ടി, കുടിയൊഴിഞ്ഞവരുടെ വേവിന് ആൽത്തണലാകാൻ വേണ്ടി തടവറക്കിണ്ണത്തിൽ ഇന്നിൻ കാകോളമുണ്ണുന്നവൻ. എന്നിങ്ങനെയാണ് വൈലോപ്പിള്ളിയെ സച്ചിദാനന്ദൻ അടയാളപ്പെടുത്തുന്നത്. ഈ മല ദൈവം കത്തിയും ഓടക്കുഴലും എടുത്ത് പീഢിതർക്ക് വേണ്ടി പോരാടും

- കത്തിയും വാളും ഓണവില്ലും ഓടക്കുഴലും ഒരുപോലെ ആയുധമാക്കിയ ഈ വലിയമ്മാവൻ്റെ പിന്മുറക്കാരായ മരുമക്കൾക്ക് ഈ അങ്കമുറകളും അടവുകളും വഴങ്ങുന്നില്ല എന്നുള്ള പരാതിയും സച്ചിദാനന്ദൻ പറയുന്നുണ്ട്

- അതിനു കാരണം പുതിയകാല സമൂഹത്തിൽ വളർന്നുവരുന്ന ധനമോഹങ്ങളും മതമാൽസ്യര്യങ്ങളും വർഗീയതയും . ഇവിടെ ഇപ്പോൾ ഓണത്തിന് മാവേലിക്ക് പകരം പൂജിക്കുന്നത് മഹാനായ മഹാബലിയെ പാതാ ചവിട്ടി താഴ്ത്തിയ വാമനനെയാണ്. പുതിയ കാലത്തിൻറെ കെടുതിയിൽ നിസഹായരായി നോക്കി നിൽക്കേണ്ടിവരുന്ന ഈ തലമുറ വൈലോപ്പിയെന്ന മാതുലനോട് മാപ്പ് ചോദിക്കുന്നു.

- പൊതുവേ ചരമ കാവ്യങ്ങൾ കാലം ചെല്ലുംതോറും വിസ്മൃതിയിലാണ്ടു പോവാനാണ് സാധ്യത. പക്ഷേ ഇവനെക്കൂടി എന്ന ഈ ചരമഗീതം

എല്ലാ കാലത്തേക്കും നിലനിൽക്കുന്നു. അതിനു കാരണം സച്ചിദാനന്ദൻറെ കവിതയിലെ വാക്കുകളിലെ ജീവികങ്ങൾ ആത്മരക്തത്തിലലിഞ്ഞു ചൈതന്യം പകരുന്നതുകൊണ്ടാണെന്ന് പറഞ്ഞുവയ്ക്കുന്നു ലീലാവതി .

- മഹാന്മാരായ വ്യക്തികളുടെ വാക്കുകളും പ്രവർത്തികളും സൃഷ്ടികളും ജീവിതം മാതൃകകളും പിൻമുറക്കാരെ സ്വാധീനിക്കാറുണ്ട്. ആ അർത്ഥത്തിൽ മുൻ തലമുറയുടെ ആശയങ്ങൾ വർത്തമാന കാലത്തെ തലമുറകളിൽ പ്രവർത്തിക്കുന്നു. ഇതിൻറെ മൂലാശയം (ആദ്യ പ്രരൂപം) കഴിഞ്ഞുപോയ തലമുറ തന്നെയാണ്.

- ഇങ്ങനെ വൈലോപ്പിള്ളി അനുസ്മരിക്കാൻ വേണ്ടി, അടയാളപ്പെടുത്താൻ വേണ്ടി വൈലോപ്പിള്ളിയുടെ കവിത സച്ചിദാനന്ദനിൽ ഉണ്ടാക്കിയ ആശയങ്ങളെയും അനുഭവങ്ങളെയും, വൈലോപ്പിള്ളിയുടെ തന്നെ ബിംബങ്ങളെയും സച്ചിദാനന്ദൻ ഉപയോഗിക്കുന്നു. ഇത് പ്രരൂപങ്ങളുടെ ആവിഷ്കാരമാണെന്ന് ലീലാവതി കണ്ടെത്തുന്നു

<u>മൊഡ്യൂൾ 3 - വിവർത്തനം</u>

ഒരു പദത്തിന്റെയോ വാക്യത്തിന്റെയോ ഗ്രന്ഥ സന്ദർഭം പുസ്തകത്തിനേയും അർത്ഥം മറ്റൊരു ഭാഷയിൽ ആവിഷ്കരിക്കുന്നതാണ് വിവർത്തനം. മലയാളത്തിൽ പരിഭാഷ തർജ്ജമ മൊഴിമാറ്റം ഭാഷാന്തരം എന്നിങ്ങനെ പല പദങ്ങളും ഈ അർത്ഥത്തിൽ പ്രചരിച്ചിട്ടുണ്ട്.

- ഏതു ഭാഷയിൽ നിന്ന് വിവർത്തനം ചെയ്യുന്നു ആ ഭാഷയെ സ്രോതഭാഷ എന്നും ഏതു ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നു അതിനെ ലക്ഷ്യഭാഷ എന്നും പറയുന്നു.

- വിവർത്തന പ്രക്രിയയ്ക്ക് മനുഷ്യ സംസ്കാരത്തോളം പഴക്കമുണ്ട്. ലോകത്തിൽ ഏറ്റവും കൂടുതൽ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ഗ്രന്ഥമാണ് ബൈബിൾ. വിവർത്തനങ്ങൾ ഇന്ത്യയിലെ പ്രാദേശിക ഭാഷകളുടെ

രൂപീകരണത്തെയും വളർച്ചയെയും പ്രബലമായി സ്വാധീനിച്ചിട്ടുണ്ട്. ഒരു ഭാഷ അറിയാത്ത അനവധി ആളുകൾക്ക് പരിഭാഷ വഴി സംസ്കാരത്തെക്കുറിച്ച് അറിയാൻ സാധിക്കുന്നു

- സാഹിത്യകൃതികൾ മാത്രമല്ല എല്ലാ കൃതികളും ശാസ്ത്രം സാഹിത്യം ആരോഗ്യം തുടങ്ങിയ എല്ലാ മേഖലകളിലുള്ള പുസ്തകങ്ങളും മലയാളത്തിലേക്ക് വന്നു തുടങ്ങി. അച്ചടിയുടെ ശേഷം പുസ്തകത്തിൽ നിന്നും ടെലിവിഷനിലേക്കും മൊബൈലിലേക്കും ഇന്ന് എഐ എത്തിനിൽക്കുന്ന സാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടം വിവർത്തനത്തിന്റെ താൽപര്യങ്ങളെ പുനർനിർവചിച്ചു.

- ഇന്ററർനെറ്റ് സോഷ്യൽ മീഡിയ വഴി നവീനമായ സാധ്യതകൾ കൊണ്ടുവന്നു

- സിനിമ,നാടകം, വാർത്ത അവതരണം, തുടങ്ങിയ എല്ലാ മേഖലകളിലും വിവർത്തനത്തിന്റെ സാധ്യത വളരെ വലുതാണ്.

വിവർത്തന തത്വങ്ങൾ :

വിവർത്തന പ്രക്രിയ യാന്ത്രികമായ ഒന്നല്ല ഗൂഗിളിലോ എ ഐ യിലോ പരിഭാഷ ചെയ്യാൻ ശ്രമിക്കുമ്പോൾ പലപ്പോഴും സാംസ്കാരിക സവിശേഷതകൾ തൊട്ടു തീണ്ടാത്ത കേവലം യാന്ത്രികമായ പരിഭാഷകളാണ് നമുക്ക് ലഭ്യമാകുക. വിവർത്തനം ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്കുള്ള വെറും രൂപാന്തരമല്ല എന്നാണ് തെളിയിക്കുന്നത്. ഒരു ആശയ സംക്രമണം കൂടിയാണ് വിവർത്തനം.

- ഒരു ദേശത്തെ അനുഭവങ്ങൾ മറ്റൊരു ദേശത്തേക്ക് പരിഭാഷ ചെയ്യുമ്പോൾ വിവർത്തകർ രണ്ട് സംസ്കാരങ്ങളെ കൂടി കൂട്ടി ഇണക്കു കൂടി ചെയ്യുന്നു.

**ജോൺ ഡ്രൈഡൻ വിവർത്തനത്തെ മൂന്നുതരം ആക്കി തിരിക്കുന്നത് ഇങ്ങനെയാണ്:**

1. മെറ്റഫ്രെയിസ് : പ്രധാന പദ തർജ്ജമയോട് ചേർന്ന് നിൽക്കുന്നു

2. പാരഫ്രെയിസ് : മൂലകൃതിയുടെ രചയിതാവിനെ പിന്തുടരുമ്പോഴും വാക്കിനു വാക്ക് പിന്തുടരുകയല്ല. പകരം അർത്ഥത്തെ പിന്തുടരുകയാണ് ഇവിടെ ചെയ്യുന്നത്. ആശയാനുവാദത്തോടെ ചേർന്ന് നിൽക്കുന്നു.

3. ഇമിറ്റേഷൻ : അനുകരണത്തിൽ മൂലകൃതിയുടെ വാക്കുകളെ മാത്രമല്ല അർത്ഥങ്ങളെയും ഉപേക്ഷിക്കുന്നു. മൂലകൃതിയെ പ്രചോദനമാക്കിക്കൊണ്ട് പുതിയൊരു പാഠം സൃഷ്ടിക്കലാണിത്.

<u>വിവർത്തന രീതികൾ</u>:.

പദാനുപദ വിവർത്തനം : ഭാഷാശാസ്ത്രജ്ഞർ വ്യക്തിഗത പദങ്ങളെ അവയുടെ ഏറ്റവും അക്ഷരാർത്ഥത്തിലുള്ള അർത്ഥത്തിനനുസരിച്ച് വിവർത്തനം ചെയ്യുന്നു, സന്ദർഭം വളരെ കുറച്ച് മാത്രമേ പരിഗണിക്കുന്നുള്ളൂ. പദാനുപദം ഭാഷകൾ തമ്മിലുള്ള വ്യാകരണപരമോ അർത്ഥപരമോ സാംസ്കാരികമോ ആയ വ്യത്യാസങ്ങൾ കണക്കിലെടുക്കാത്തതിനാൽ, യഥാർത്ഥ പദ ക്രമം അതേപടി തുടരുന്നു. സാധാരണയായി, പദാനുപദ വിവർത്തനം ഗുണനിലവാരമുള്ള വിവർത്തനങ്ങൾ നൽകുന്നില്ല (യന്ത്ര വിവർത്തനം എന്ന് കരുതുക), എന്നിരുന്നാലും മെഡിക്കൽ ഗവേഷണ റിപ്പോർട്ടുകൾ പോലുള്ള പ്രമാണങ്ങളിൽ പദാനുപദം നന്നായി പ്രവർത്തിക്കുമെന്ന് വായനക്കാരൻ ശ്രദ്ധിക്കേണ്ടതാണ്.

2. **അക്ഷരീയ വിവർത്തനം** : അക്ഷരീയ വിവർത്തനത്തിന്റെ കാര്യത്തിൽ, ഭാഷാശാസ്ത്രജ്ഞർ ഉറവിട വാചകത്തിന്റെ വ്യാകരണ ഘടനകളെ ലക്ഷ്യ ഭാഷയിൽ അടുത്ത തുല്യപദങ്ങളിലേക്ക് വിവർത്തനം ചെയ്യുന്നു. ഈ സാഹചര്യത്തിൽ, വാക്കുകൾ അവയ്ക്കിടയിലുള്ള അർത്ഥങ്ങൾ ശ്രദ്ധിക്കാതെ വിവർത്തനം ചെയ്യുന്നു . പദാനുപദ രീതിക്ക് വിരുദ്ധമായി, അക്ഷരീയ വിവർത്തനം സന്ദർഭത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ലക്ഷ്യ ഭാഷയിൽ രൂപകീയ തുല്യപദങ്ങൾ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നു.

3. ആശയവിനിമയ വിവർത്തനം :ഉറവിട വാചകത്തിന്റെ കൃത്യമായ സന്ദർഭോചിതമായ അർത്ഥം ലക്ഷ്യ ഭാഷയിലേക്ക് പ്രതിഫലിപ്പിക്കുന്നത്

ആശയവിനിമയ വിവർത്തനത്തെ നിർവചിക്കുന്നു. വായനക്കാർക്ക് പൂർണ്ണമായും മനസ്സിലാക്കാവുന്നതും സ്വീകാര്യവുമായ ഒരു സന്ദേശം ലഭിക്കുന്നു. ആശയവിനിമയ വിവർത്തനം സന്ദർഭം, സംസ്കാരം, വ്യാകരണം, അർത്ഥശാസ്ത്രം എന്നിവ കണക്കിലെടുക്കുന്നു, അതിനാൽ പല വിദഗ്ധരും ഇത് ഇഷ്ടപ്പെടുന്നു. ഇത് എല്ലായ്പ്പോഴും സാങ്കേതികമായി ഏറ്റവും കൃത്യമായ ഓപ്ഷനല്ലെങ്കിലും, ഇത് സ്വാഭാവിക രീതിയിൽ അർത്ഥം ആശയവിനിമയം ചെയ്യുന്നു, കൂടാതെ സംസ്കാര-നിർദ്ദിഷ്ട ശൈലികൾ, പഴഞ്ചൊല്ലുകൾ അല്ലെങ്കിൽ പദപ്രയോഗങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന വാചകം വിവർത്തനം ചെയ്യുമ്പോൾ ഇത് പതിവായി ഉപയോഗിക്കുന്നു.

4. സെമാന്റിക് വിവർത്തനം: ഒരു സെമാന്റിക് വിവർത്തന സാഹചര്യത്തിൽ, ഒരാൾ ലക്ഷ്യ ഭാഷയിൽ ഉറവിട ഭാഷയുടെ വാക്യഘടനയും സെമാന്റിക് ഘടനകളും അറിയിക്കാൻ ശ്രമിക്കുന്നു. സന്ദർഭവും സംസ്കാരവും നിലനിർത്തിക്കൊണ്ട്, ഈ രീതി ഒരു വിദേശ ഭാഷയിൽ മൂല വാചകത്തെ ഏറ്റവും അടുത്ത് പുനർനിർമ്മിക്കുന്നു. അതേസമയം, സെമാന്റിക് വിവർത്തനം ഉറവിട വാചകത്തിന്റെ സൗന്ദര്യാത്മക മൂല്യത്തിന് കൂടുതൽ ഊന്നൽ നൽകുന്നു , കൂടുതൽ വഴക്കമുള്ളതാണ്, കൂടാതെ വിവർത്തകന് സർഗ്ഗാത്മകതയ്ക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകുന്നു.

5. പൊരുത്തപ്പെടുത്തൽ : മൂല ഉള്ളടക്കത്തിന്റെ അതേ സന്ദേശം നൽകുമ്പോൾ തന്നെ, ലക്ഷ്യ ഭാഷയിൽ തത്തുല്യമായവ കണ്ടെത്തുന്നതിന്, ഉറവിട വാചക ഭാഷയുടെ പരിഷ്കരണമോ പൂർണ്ണമായ പുനരാലേഖനമോ ആണ് അഡാപ്റ്റേഷനിൽ ഉപയോഗിക്കുന്നത് . പലപ്പോഴും ട്രാൻസ്ക്രിയേഷൻ എന്നറിയപ്പെടുന്നതിനാൽ, ഉറവിട ഉള്ളടക്കത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായ രീതിയിൽ സന്ദേശമയയ്ക്കലോ ആശയങ്ങളോ ഉദ്ദേശിച്ച പൊതുജനങ്ങൾക്ക് അവതരിപ്പിക്കുമ്പോൾ പ്രത്യേക ഭാഷാശാസ്ത്രജ്ഞർക്ക് സഹായിക്കാനാകും.

വ്യത്യസ്ത വിവർത്തന രീതികൾ നിലവിലുണ്ടെങ്കിലും, ഏതെങ്കിലും ഒരു രീതി ഉപയോഗിച്ച് ഗുണനിലവാരമുള്ള വിവർത്തനം നേടാനാവില്ല. ഉറവിടം, ലക്ഷ്യ ഭാഷ, പ്രേക്ഷകർ, സംസ്കാരം, സെമാന്റിക്സ് എന്നിവയെ ആശ്രയിച്ച്, ലോകമെമ്പാടുമുള്ള പ്രേക്ഷകരെ ആകർഷിക്കുന്ന ഒരു തൃപ്തികരമായ

വിവർത്തനം സൃഷ്ടിക്കുന്നതിന് വ്യത്യസ്ത തന്ത്രങ്ങൾ സംയോജിപ്പിക്കേണ്ടത് നിർണായകമാണ്.

- റോമൻ യാക്കോബ് സൺ മൂന്നു തരത്തിലുള്ള വിവർത്തന പ്രക്രിയയെ പറ്റി പറയുന്നുണ്ട് : അന്തർ ഭാഷാ വിവർത്തനം, ഭാഷാന്തരം, ചിഹ്നന്തരം.

**<u>മൊഡ്യൂൾ 4 -സംഗ്രഹരചന</u>**

സംഗ്രഹ രചന ഒരു കലയാണ്. ലേഖനത്തിലെ ആശയങ്ങൾ ചോർന്നു പോകാതെ ചുരുക്കി എഴുതുന്ന രീതിയാണ് സംഗ്രഹ രചന എന്ന് പറയുന്നു. ഒരു ലേഖനം പുസ്തകം അല്ലെങ്കിൽ മറ്റേതെങ്കിലും രചനയുടെ പ്രധാന ആശയങ്ങളും വിവരങ്ങളും ചുരുക്കി എഴുതുന്ന രീതിയാണ് സംഗ്രഹരചന എന്ന് പറയുന്നത്.ദൈർഘ്യമേറിയ കൃതിയുടെ ചെറിയ വിവരണം ആണ് സംഗ്രഹം.

1 **ഒരിടത്ത് - സക്കറിയ**

- തീവ്രദേശീയതക്കെതിരെയും മതതീവ്രവാദത്തിനെതിരെയും ശക്തമായി പ്രതികരിച്ച എഴുത്തുകാരനാണ് സക്കറിയ. ഒരിടത്ത് , ആർക്കറിയാം, എന്തുണ്ട് വിശേഷം പീലാത്തോസേ?, ഉരുളിക്കുന്നത്തിന്റെ ലുത്തിനീയ, എന്നിവയാണ് പ്രധാന കൃതികൾ . സക്കറിയയുടെ ഭാസ്കര പട്ടേലരും എന്റെ ജീവിതവും എന്ന കഥയെ മുൻ നിർത്തി അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത സിനിമയാണ് വിധേയൻ. കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.

- അധികാരികളുടെ കൈയ്യിലെ കളിപ്പാട്ടങ്ങളായിത്തിരുന്ന ജീവിതങ്ങളുടെ പ്രതിനിധാനമാണ് സക്കറിയയുടെ ഒരിടത്ത് എന്ന കഥ.

- ഒരു വീട്ടുമുറ്റത്തെ കുളവും , അതിലെ താമസക്കാരായ തവളകളും , വീട്ടിലെ പൂച്ചയും പൂച്ചക്കുഞ്ഞുങ്ങളുമാണ് പ്രധാന കഥാപാത്രങ്ങൾ.

- കുളത്തിലെ മീനുകളുടെയും വീട്ടിലെ കുട്ടികളുടെയും ക്രൂരതയ്ക്ക് ഇരയാവേണ്ടി വരികയും വംശ പ്രതിസന്ധി നേരിടുകയും ചെയ്യുന്ന തവളകൾക്ക് അപ്രതീക്ഷിതമായി എതിരിടേണ്ടി വരുന്നത് പൂച്ചക്കുഞ്ഞുങ്ങളോടാണ്.

- ദുർബല വിഭാഗത്തിന്റെ ജീവനു വേണ്ടിയുള്ള പ്രതിരോധവും അതിജീവനവുമാണ് തവളകളിലൂടെ എഴുത്തുകാരൻ പ്രതിനിധീകരിക്കുന്നത്.

- ആവാസവ്യവസ്ഥയ്ക്കകത്തും അതിലെ ആഹാര ശൃംഖലയ്ക്കകത്തും ഓരോ ചെറിയ പ്രാണി വർഗ്ഗത്തിനും അതിന്റേതായ പ്രാധാന്യമുണ്ട്. അവയുടെ നിലനിൽപ്പ് പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് അത്യന്താപേക്ഷിതവുമാണ്.

- കഥയിൽ ആദ്യം കടന്നുവരുന്ന പൂച്ച തവളകൾക്ക് ഭീഷണിയാകുന്നില്ല. എന്നാൽ പിന്നീട് വരുന്ന പൂച്ചക്കുഞ്ഞുങ്ങൾ വിനോദത്തിനായി തവളകളെ കൊല്ലുന്നത് കാണാം.

- വംശം നിലനിർത്താൻ അവർ സ്വയം ബലി നൽകാൻ ഒരുങ്ങുന്നു. എന്നാൽ ആദ്യം ബലി നൽകാൻ വിധിക്കപ്പെട്ട തവളയ്ക്ക് മരണം

സംഭവിക്കുന്നില്ല. പക്ഷേ ആ തവള കുളത്തിലേക്ക് തിരിച്ചു പോകാതെ സ്വയം മരണം വരിക്കാൻ ആയി വീട്ടിനകത്തേക്ക് കയറിപ്പോകുന്നു.

- ബലി കൊണ്ട് വംശനാശം തടുക്കാൻ ആവില്ല എന്നറിഞ്ഞിട്ടും യുവതവള സ്വയം ബലി കൊടുക്കുന്നു. മരണം തന്നെ തേടി വരാത്തതിൽ അസ്വസ്ഥനാണ് തവള.
- മരണത്തേക്കാൾ മരണം കാത്തുകൊണ്ടുള്ള കിടപ്പ് അവിടെ ഭീകരമാകുന്നു.

- വിശപ്പകറ്റാനല്ലാതെ കൊല്ലുന്നതും ബലി നൽകുന്നതും മനുഷ്യന്റെ മാത്രം പ്രവർത്തികളാണ്.

- മുതലാളി വർഗ്ഗത്തിന്റെ ലീലാവിലാസങ്ങളും പാർശ്വവൽകൃതരുടെ പീഡന ഭീതിയും കഥയിൽ സൂചിപ്പിക്കുന്നു.

2 **തേൾക്കുടം - കുരീപ്പുഴ ശ്രീകുമാർ**

- മലയാളത്തിലെ ശ്രദ്ധേയനായ കവി

- താളബദ്ധമായും വൃത്തബദ്ധമായും നാടൻപാട്ടുശീലുകൾ സ്വീകരിച്ചും കവിതകൾ എഴുതി
- കവിതകളിൽ രാഷ്ട്രീയം നിരന്തരം പറയുന്ന കവി
- പെണങ്ങുണ്ണി,ശ്രീകുമാറിന്റെ ദുഃഖങ്ങൾ,രാഹുലൻ ഉറങ്ങുന്നില്ല,
- അമ്മ മലയാളം,ഹബീബിന്റെ ദിനക്കുറിപ്പുകൾ,
- കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകൾ,

- കീഴാളൻ,യക്ഷിയുടെ ചുരിദാർ,നരകത്തിലേക്ക് ഒരു ടിക്കറ്റ്,ഇത്തിരിസ്നേഹമുണ്ടോ സിറിഞ്ചിൽ തുടങ്ങിയവയാണ് പ്രധാന കൃതികൾ
- സ്ത്രീകളെ എങ്ങനെയാണ് പുരുഷാധികാരവർഗ്ഗം നോക്കി കാണുന്നത് എന്നതിനെ തുറന്നുകാട്ടുന്ന കവിതയാണ് ഇത്
- ഒരു നാടോടി കഥയുടെ ഘടനയാണ് കവിതയ്ക്ക്
- കുടത്തിൽ അടച്ചുവെച്ച പൊൻ നാണയം എടുക്കാൻ ഒരു മത്സരം ഏർപ്പെടുത്തുകയാണ് രാജാവ്
- കനകനാണയത്തോടൊപ്പം ആ കുടത്തിൽ ഉഗ്രവിഷമുള്ള ഒരു കരിന്തേളുമുണ്ടായിരുന്നു. സ്ത്രീകൾക്ക് മാത്രമായാണ് മത്സരം. മത്സരത്തിൽ വിജയിച്ചാൽ സ്വാതന്ത്ര്യസൗധവും വജ്രഹാരവും വിശിഷ്ടവസ്ത്രവും മാത്രമല്ല അർദ്ധദേശം തന്നെ നൽകും എന്നാണ് പ്രഖ്യാപനം.
- ഒരിക്കലും ഒരു സ്ത്രീക്കും മത്സരത്തിൽ വിജയിക്കാൻ കഴിയില്ല എന്ന മുൻധാരണയും വിശ്വാസവും ഇനാം പ്രഖ്യാപിക്കുമ്പോൾ ആ രാജാവിലുണ്ട്.
- അതുകൊണ്ടാണ് ഒരുത്തിയും വരില്ല എന്ന് തീർപ്പ് പറഞ്ഞത്. അവിടെ ആർത്തലയ്ക്കുന്നത് പുരുഷാരമാണ്. പുരുഷന്മാരാൽ മാത്രം നിയന്ത്രിക്കപ്പെടുന്നതാണ് ആ രാജ്യം
- അപ്പോഴാണ് ഒരു അടിമ പെണ്ണ് ധൈര്യസമേതം കുടത്തിൽ കയ്യിടാൻ തയ്യാറായി മുന്നോട്ടുവന്നത്.
- അവൾ കുടത്തിൽ കയ്യിട്ടെങ്കിലും കരിന്തേൾ അവളെ കുത്തിയില്ല
- അവളും തന്നെപ്പോലെ ദുർവതി കാരണം കുടത്തിനുള്ളിൽ കുടുങ്ങിയവളാണ് എന്ന് കരിന്തേൾ തിരിച്ചറിയുന്നു
- കയ്യിൽ കനകനാണയം നീട്ടി അവൾ നിൽക്കുമ്പോൾ അവരുടെ വിരലിൽ ആ കരിന്തേൾ സുഖമായി കിടക്കുകയാണ് .
- പുതുതായി കിട്ടിയ ദേശത്ത് അവളുടെ കൊടി അടയാളം കരിന്തേളാണെന്ന് പറഞ്ഞു കവിത അവസാനിക്കുന്നു

- ഇന്ത്യയുടെ പരമ്പരാഗത മൂല്യവ്യവസ്ഥകളിലെല്ലാം സ്ത്രീവിരുദ്ധത നിറഞ്ഞുനിൽക്കുന്നതായി കാണാം
- സ്ത്രീ കുടുംബത്തിൻറെ വിളക്കാണ് എന്നു പറഞ്ഞു കുടുംബത്തിൽ മാത്രം ഒതുക്കി നിർത്തുകയാണ് പുരുഷാധികാരം ചെയ്യുന്നത്.
- കുടുംബം വിട്ട് സമൂഹത്തിലേക്ക് അവൾക്ക് പ്രവേശനമില്ല. നിലവിളക്കിന്റെ ഇത്തിരി വട്ടം മാത്രമുള്ള പ്രകാശമാണ് അവളുടെ സ്വാതന്ത്ര്യം
- പുരുഷാധികാരം അലങ്കൃത വസ്തു മാത്രമായാണ് സ്ത്രീയെ വർണ്ണിച്ചിട്ടുള്ളത്
- പണ്ടേ ദുർബല എന്ന മുദ്രകുത്തി ഇകഴ്ത്തി കാട്ടാനാണ് സമൂഹം എല്ലാകാലത്തും ശ്രമിച്ചിട്ടുള്ളത്.
- ഈ ബോധ്യത്തെ ചോദ്യം ചെയ്യുന്നു ഈ കവിത
- രാജാവിൻറെ മത്സരത്തിൽ ഇരയാവാൻ വിധിക്കപ്പെട്ടത് സ്ത്രീകളാണ്
- അധികാരം എല്ലാ കാലത്തും സ്ത്രീകളെ ഈ തരത്തിൽ മത്സരത്തിനുള്ള ഇരകളാക്കി തീർത്തിട്ടുണ്ട്. ദ്രൗപതിയും ദമയന്തിയും സീതയും ഉദാഹരണമാണ്.
- കൊടും വിഷമുള്ള തേളിന്റെ കുത്തേൽക്കാൻ വേണ്ടി സ്ത്രീകൾ ആരും വരില്ല എന്ന് രാജാവ് കരുതി. ധൈര്യമുള്ള സ്ത്രീകൾ ഇല്ല എന്ന പൊതുബോധത്തിലാണ് രാജാവ് നിൽക്കുന്നത്.
- ജീവിതം കൊണ്ട് ശക്തിയാർജിച്ച അടിമ പെണ്ണ് ആ ബോധ്യത്തിനേറ്റ പ്രഹരമാണ്.
- മരണത്തെക്കാൾ വേദനാജനകമായ ജീവിതമായിരിക്കണം ആ അടിമ പെണ്ണിന്റേത്.
- ആ ദുരിത ജീവിതത്തെ കുടത്തിലടച്ച തിരിച്ചറിയുന്നു. ഞാനും അവളും ഒരേ അധികാരത്തിന്റെ ഇരകളാണ് എന്നെ തിരിച്ചറിവിലേക്ക് എത്തുന്നു.
- തന്നെ ആക്രമിക്കാൻ വരുന്നവരുടെ മുന്നിലേക്ക് പ്രതിരോധത്തിന്റെ വാൽച്ചുരുട്ടി മുന്നോട്ട് നീങ്ങുന്ന ആ തേൾത്തന്നെ അടിമപ്പെണ്ണ് നേടിയ രാജ്യത്തിൻറെ കൊടിയടയാളമായി മാറുന്നു.

➢ ഇങ്ങനെ പുരുഷാധികാരത്തെ വെന്നി സ്ത്രീ അധികാരം നേടുന്ന നാളിലേക്കുള്ള പ്രതീക്ഷ പങ്കുവെക്കുന്നു ഈ കവിത

<u>സർഗ്ഗാത്മക രചന</u>

ഭാവനാസൃഷ്ടിയെയാണ് സർഗ്ഗാത്മക രചന എന്ന് വിളിക്കുന്നത്.

Creo എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് creativity എന്ന വാക്കുണ്ടാവുന്നത്.

ഭാവന ഉപയോഗിച്ചുകൊണ്ട് നവീനവും മൂല്യവുമായ ആശയങ്ങളും സൃഷ്ടികളും രൂപപ്പെടുത്താനുള്ള കഴിവിനെയാണ് സർഗാത്മകത എന്ന് വിളിക്കുന്നത്.

സർഗ്ഗം എന്ന വാക്കിന് നിഘണ്ടുവിൽ സൃഷ്ടി സംയോജനം എന്നീ അർത്ഥങ്ങൾ കാണാം.

അക്കാദമികമോ സാങ്കേതികമോ അല്ലാത്ത എഴുത്തിനെയാണ് സർഗാത്മക രചന എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്.

കഥ കവിത നാടകം തിരക്കഥ നോവൽ എന്നിങ്ങനെ സവിശേഷ ആഖ്യാനരീതിയും കൈകോർക്കുന്ന പലതരം സർഗാത്മക രചനകൾ നമുക്ക് പരിചിതമാണ്.

ഉള്ളടക്കത്തെ എല്ലാ എഴുത്തുകാരും ഓരോ രീതിയിലാണ് ആവിഷ്കരിക്കുക.

കഥ കവിത ലേഖനം എന്തുമായിക്കൊള്ളട്ടെ ഓരോന്നിനും ഓരോ ശൈലികൾ ഉണ്ട്.

ആർക്കുവേണ്ടിയാണ് എഴുതുന്നത് എന്നത് വളരെ സൂക്ഷ്മതയോടെ പരിഗണിക്കേണ്ട സംഗതിയാണ്.

ഒരാൾ കഥയെഴുതാൻ തീരുമാനിച്ചു എന്ന് കരുതുക പറയാൻ പോകുന്ന വിഷയത്തെ ആഴത്തിൽ അറിയുക എന്നത് അത്യാവശ്യമാണ്.

ഉള്ളടക്ക രചന:

ഇന്നത്തെ കാലഘട്ടം ഇന്റർനെറ്റിന്റെതാണ്. നമ്മൾ ജീവിക്കുന്ന ലോകം ഇന്റർനെറ്റുമായി പരസ്പര ബന്ധമുണ്ട്. ലോകം നമ്മുടെ കയ്യിലേക്ക് വളരെയധികം ചുരുങ്ങിയിരിക്കുന്നു. വീട്ടുമുറിയിൽ ഇരുന്നു കൊണ്ട് തന്നെ വിദേശത്തേയോ വിദൂര ദേശത്തെയോ സർവകലാശാലയിലെ വിദ്യാർത്ഥിയായി മാറാനും ദൂരെ നിന്നുള്ള ബ്ലോഗറുടെ പരിപാടി ലൈവ് കാണാനും എവിടെയാ ഉള്ള സുഹൃത്തുക്കളോടൊപ്പം ഒരു ഓൺലൈൻ ഗെയിമിൽ പങ്കാളിയാവാനുള്ള അവസരങ്ങൾ ഇന്നിന്റെ കാലം നമുക്ക് അനുവദിക്കുന്നുണ്ട്.

സൈബർ സ്പേസ് എന്ന പദം ആദ്യമായി ഉപയോഗിക്കുന്നത് അമേരിക്കൻ സാഹിത്യകാരനായ വില്യം ഗിബ്സൻ ആണ്.

ഡിജിറ്റൽ ഫോർമാറ്റിൽ ഉള്ളടക്കം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന പ്രക്രിയയാണ് ഉള്ളടക്ക രചന എന്ന് അറിയപ്പെടുന്നത്. മാർക്കറ്റിങ് ലക്ഷ്യങ്ങൾ മുൻനിർത്തി തയ്യാറാക്കപ്പെടുന്ന കണ്ടൻ്റിനെയാണ് പൊതുവെ ഉള്ളടക്ക രചന എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്. അനുവാചകരുമായി ബന്ധം സ്ഥാപിക്കുകയും അവരുടെ വിശ്വാസം സമ്പാദിക്കുകയും ആണ് ഉള്ളടക്ക രചയിതാവിന്റെ കടമ.

വീഡിയോ സ്ക്രിപ്റ്റ് :

പലതരം വീഡിയോകൾ നമ്മൾ ദൈനംദിന ജീവിതത്തിൽ വെബ്സൈറ്റുകൾ വഴിയും സോഷ്യൽ മീഡിയ വഴിയും കൈ മാറാറുണ്ട്. ആരോഗ്യം വിദ്യാഭ്യാസം യാത്ര വായന സിനിമ സ്പോർട്സ് സയൻസ് സംഗീതം വാർത്ത രാഷ്ട്രീയം വാഹനം നാട്ടറിവുകൾ എന്നിങ്ങനെ നീണ്ടുപോകുന്ന വിഷയവൈവിധ്യം ഈ വീഡിയോകൾക്കുണ്ട്.

ഒരു നിശ്ചിത സെപ്രേക്ഷക സമൂഹത്തെ ലക്ഷ്യം വെച്ചുള്ള ആശയവിനിമയമാണ് ഈ വീഡിയോകളിൽ നടക്കുന്നത്. ജനപ്രിയമായ യൂട്യൂബ് ചാനലുകളിൽ പരിപാടിക്കിടെ പരസ്യം വരാറുണ്ടല്ലോ. മറ്റാരോ തയ്യാറാക്കിയ പരസ്യം ആയിരിക്കും അത്. വെബ്സീരിയൽക്കുള്ളിലും മറ്റു വിനോദ പരിപാടികൾക്കിടയിലും ഒളിച്ചു കടത്തുന്ന ഉൽപ്പന്ന സേവനങ്ങളെ പരിചയപ്പെടുത്തലുകൾ ഈ വിഭാഗത്തിൽ കടന്നുവരും.

പോഡ്കാസ്റ്റ്: ഇന്ററർനെറ്റിലൂടെ പരമ്പര രൂപത്തിൽ ലഭ്യമാക്കപ്പെടുന്ന ഓഡിയോ ഫയലുകളുടെ കൂട്ടമാണ് പോഡ് കാസ്റ്റ്. ആദ്യകാലത്ത് വിനോദമായിരുന്നു ഇതിന്റെ പ്രധാന പരിപാടി. ആശയ പ്രചരണങ്ങൾ തിരഞ്ഞെടുപ്പ് പ്രചാരങ്ങൾ വിദൂര വിദ്യാഭ്യാസം വാർത്ത വിനിമയം എന്നിവയ്ക്കെല്ലാം ഇപ്പോൾ ഇത് ഉപയോഗിക്കാറുണ്ട്.

ബ്ലോഗ്:

അച്ചടിശാലയുടെയോ പ്രസാദകരുടെയോ ഇടനിലയില്ലാത്ത നമുക്ക് മനസ്സിൽ തോന്നുന്നത് പ്രസിദ്ധീകരിക്കാൻ കഴിയുന്ന ആത്മപ്രകാശനത്തിന്റെ നവമാധ്യമമാണ് ബ്ലോഗ്.

പേഴ്സണൽ ഓൺലൈൻ പബ്ലിഷിംഗ് വഴി പുറത്തുവരുന്ന ഡിജിറ്റൽ പുസ്തകം. ജോൺ ബാർഗൻ 1997 ഉപയോഗിച്ച വെ ബ്ലോഗ് എന്ന പദമാണ് പിന്നീട് ബ്ലോഗ് എന്നായി മാറിയത്.

ഇ- ബുക്ക്

ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കപ്പെട്ടിരിക്കുന്ന പുസ്തകമാണ് ഈ ബുക്ക്. ഇലക്ട്രോണിക് ബുക്ക് എന്നതിന്റെ ചുരുക്കെഴുത്താണ് ഇത്. കമ്പ്യൂട്ടർ

ഉപയോഗിച്ച് സ്മാർട്ട്ഫോൺ ഉപയോഗിച്ചു ടാബ്ലറ്റ് ഉപയോഗിച്ചും ഇ റീഡർ പോലുള്ള മാധ്യമങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് ഇത് വായിക്കുക.

വൈറ്റ് പേപ്പർ : കമ്പനി വാഗ്ദാനം ചെയ്യുന്ന ഒരു ഉത്പന്നമോ സേവനമോ വാങ്ങാൻ ഉപയോക്താക്കളെ പ്രേരിപ്പിക്കുന്നതാണ് വൈറ്റ് പേപ്പർ. ബ്രാൻഡ് അവബോധം വർദ്ധിപ്പിക്കുന്നതിനും പ്രേക്ഷകരെ ബോധവൽക്കരിക്കുന്നതിനും വിശ്വാസത വളർത്തുന്നതിനും ആണ് വൈറ്റ് പേപ്പർ തയ്യാറാക്കുന്നത്.

ലാൻഡിങ് പേജ്: ഒരു വെബ്സൈറ്റിലേക്ക് ഉപയോക്താക്കളെ സ്വാഗതം ചെയ്യുന്ന ആദ്യ പേജാണ് ലാൻഡിങ് പേജ്. ഇതൊരു വെബ്സൈറ്റിന്റെ ഹോം പേജ് ആണ്. കമ്പനിയുടെയോ ബ്രാൻഡിന്റെയോ പരിചയം ഉൽപ്പന്നങ്ങളുടെയോ സേവനങ്ങളുടെയോ അവലോകനം ബന്ധപ്പെടാനുള്ള വിവരങ്ങളും ലിങ്കുകളും ഇവിടെ ലഭിക്കുന്നു.

സോഷ്യൽ മീഡിയ കോപ്പി: പ്രേക്ഷകരുമായി ഇടപഴകാനോ വിവരങ്ങൾ അറിയിക്കാനോ വേണ്ടി സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾക്കായി സൃഷ്ടിച്ച രേഖാമൂലമുള്ളടക്കമാണ് സോഷ്യൽ മീഡിയ കോപ്പി. ടെക്സ്റ്റ് അധിഷ്ഠിത പോസ്റ്റുകൾ അടിക്കുറിപ്പുകൾ #ടാഗുകൾ ഇമോജികൾ എന്നിവ ഉള്ളടക്കത്തിന്റെ ഭാഗമാണ്. ഫെയ്സ്ബുക്ക് ചിത്രങ്ങളും ഹസ് കുറിപ്പുകളും തൊട്ട് ദീർഘ ലേഖനങ്ങളും വീഡിയോകളും വരെ പങ്കുവയ്ക്കുമ്പോൾ നിശ്ചിതമായ വാക്കുകളും ആശയവിനിമയം ചെയ്യേണ്ടതായുണ്ട്.

പ്രസ്സ് റിലീസ്: പൊതുജനങ്ങളെ അറിയിക്കാൻ സഹായകമായ വിധത്തിൽ വാർത്താമാധ്യമങ്ങളിലെ റിപ്പോർട്ടേർക്ക് വിവരങ്ങൾ നൽകുന്നതിനുവേണ്ടി തയ്യാറാക്കുന്ന ഔദ്യോഗിക കുറിപ്പാണ് പ്രസ റിലീസ്. ചിലപ്പോൾ ഔദ്യോഗിക പ്രസ്താവന പുറപ്പെടുവിക്കുന്നതിനും ഒരു പ്രഖ്യാപനം നടത്തുന്നതിനും പ്രസ്സ്

റിലീസ് ഉപയോഗിക്കും. വാർത്തയുടെ ഒരു പ്രാഥമിക സ്രോതസ്സാണ് പ്രസ്സ് റിലീസുകൾ

ഉള്ളടക്ക രചനയുടെ പ്രാധാന്യം: മാർക്കറ്റിംഗ് മേഖലയിൽ ഏറെ സ്വാധീനം ചെലുത്തുന്ന സർഗാത്മക ഇടപെടലാണ് ഉള്ളടക്കര രചന. പുതിയ ബ്രാൻഡുകളുടെ അവതരണത്തിലും നിലവിലുള്ള പ്രോത്സാഹത്തിനു വേണ്ടി തയ്യാറാക്കുന്ന പരസ്യങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ ഉദാഹരണം: മിൽമയുടെ പരസ്യം, വാഷിംഗ് പൗഡറിന്റെ പരസ്യം, ഡയറി മിൽക്കിന്റെ പരസ്യം, ടൂത്ത് പേസ്റ്റ് പരസ്യങ്ങൾ

വളർന്നുകൊണ്ടിരിക്കുന്ന ഒരു തൊഴിൽ മേഖലയാണ് ഉള്ളടക്ക രചന. മികച്ച ആശയവിനിമ ശേഷിയുള്ള വരെ കാത്തിരിക്കുന്നത് വലിയ സാധ്യതകളാണ്. സ്വന്തമായി എഴുതുന്നത് പോലെ തന്നെ സ്വയം വെളിപ്പെടുത്താതെ മറ്റൊരാൾക്ക് വേണ്ടി എഴുതുന്നതിനും ഇവിടെ അവസരമുണ്ട്.